ലക്കം-8/ആഗസ്ത്, 2013

# ഹവിസ്സ്

ആത്മ സാക്ഷാത്കാരത്തിന്റെ നേർവഴി



സ്നേഹത്തിന്റെ മൂർത്തിമത് ഭാവം

## ദാദി പ്രകാശ്മണി ജി

മുഖ്യ പ്രശാസിക, ബ്രഹ്മാകുമാരീസ്

## ആമുഖം

.

# കർക്കിടക ചിന്തകൾ..


പഞ്ഞമാസമായിരുന്ന കർക്കിടക മാസത്തെ പുണ്യമാസമാക്കിയ പഴയ മലയാളിയുടെ മികവിന്റെ മുന്നിൽ ശിരസ്സു നമിച്ചുകൊണ്ടുതന്നെയാണ് ഈ കുറിപ്പെഴുതുന്നത്. കർക്കിടകത്തിന്റെ എല്ലാ വറുതികൾക്കിടയിലും രാമായണ പാരായണത്തിനും നാലമ്പല ദർശനത്തിനും പിതൃബലിയ്ക്കും ഒപ്പം കർക്കിടകക്കഞ്ഞിയ്ക്കും വരെ സമയം കണ്ടെത്തിയിരുന്ന പഴയ മലയാളിയുടെ നന്മ എന്നും നിലനിന്നു കാണണമെന്നു തന്നെയാണ് ഹവിസ്സ് ആഗ്രഹിക്കുന്നത്. പക്ഷേ, ആസകലം നിണം വാർന്നു നിൽക്കുന്ന ഇന്നത്തെ നമ്മുടെ നാടിന്റെ അവസ്ഥ കണ്ടില്ലെന്നു നടിക്കുന്നതെങ്ങനെ?

രാഷ്ട്രീയ അസ്ഥിരതയും സമരങ്ങളും പ്രക്ഷോഭണങ്ങളും ഉപഭോഗ സംസ്കാരവും സാംസ്കാരിക അധ:പതനവും അതിവർഷവും ഉരുൾപൊട്ടലും... പ്രബുദ്ധരായിരുന്ന മലയാളികൾ പ്രക്ഷുബ്ധരായി മാറുന്ന ദയനീയ കാഴ്ചയാണെങ്ങും. മറ്റേതൊരു സംസ്ഥാനവുമായി തുലനം ചെയ്താലും ദൈവത്തിന്റെ സ്വന്തം നാടിന് ഇനിയും അഹങ്കരിക്കുവാൻ ഏറെയൊന്നും ബാക്കിയില്ലാത്ത അവസ്ഥയായിരിക്കുന്നു. സാധാരണ മലയാളിയെ ഇന്ന് ഭരിക്കുന്നത് ഭയമാണ്. അവനെ പൊതിഞ്ഞു നിൽക്കുന്നത് കനത്ത അരക്ഷിതാവസ്ഥയാണ്. വികസനം അകത്തും പുറത്തും വീർപ്പുമുട്ടി നിൽക്കുമ്പോൾ ഇനിയും പിറക്കാനിരിക്കുന്ന പൊന്നിൻ ചിങ്ങത്തിന്റെ മാററും നാം മലയാളികൾ ഉരച്ചു നോക്കേണ്ടിയിരിക്കുന്നു, നമ്മുടെ സ്വന്തം മനസ്സാക്ഷിയുടെ കല്ലിൽ. ഓരോ തവണ കേരളത്തിൽ വരുമ്പോഴും ആയിരക്കണക്കിനു ചതുരശ്ര അടികളിലേയ്ക്കു പടർന്നു പന്തലിക്കുന്ന പൊന്നിന്റെയും പട്ടിന്റെയും സാമ്രാജ്യങ്ങൾ കാണുമ്പോൾ, അറിയാതെ മനസ്സു തേങ്ങുന്നു. പുളിയിലക്കരയുടെയും തുളസിക്കതിരിന്റെയും നൈർമ്മല്യമായി ഓർമ്മയിൽ ഇന്നും തങ്ങി നിൽക്കുന്ന മലയാളിയുടെ സൗന്ദര്യ സങ്കല്പങ്ങളിലെ ലാളിത്വം പടിയിറങ്ങുകയും പുത്തൻ പുറംമോടിയുടെ ഏച്ചുകെട്ടുകൾ വേദി കൈയ്യടക്കുകയും ചെയ്യുമ്പോൾ... കേഴുക പ്രിയ നാടേ...

പൊന്നിനും പട്ടിനും വേണ്ടി മലയാളി ചെലവഴിക്കുന്ന തുകയുടെ പകുതി പോലും വേണ്ടി വരില്ല, നമ്മുടെ സ്വന്തം നാടിനെ പറുദീസയാക്കുവാൻ. പാശ്ചാത്യരും പൗരസ്ത്യരും ഒരുമിച്ച്, മതിമറന്ന് കെട്ടിപ്പടുക്കുന്ന ആർഭാടത്തിന്റെയും പുറംപൂച്ചിന്റെയും പറുദീസയല്ല, സുഖ-ശാന്തി സമ്പന്നമായ, ഏവരും സോദരത്വേന വാഴുന്ന മാതൃകാ സ്ഥാനമാകുന്ന പറുദീസ. ഗാന്ധിജി സ്വപ്നം കണ്ട രാമരാജ്യം.

നമുക്ക് പട്ടുടുപ്പിക്കേണ്ടതും പൊന്നണിയിക്കേണ്ടതും ജനനത്തിനും മരണത്തിനുമിടയിൽ നരച്ചു നശിച്ചു പോകുന്ന നമ്മുടെ ഈ ശരീരങ്ങളെയല്ല, മറിച്ച് മരണത്തിനും അതീതമായ നമ്മുടെ ചേതനയെയാണ്. നമുക്ക് സശക്തരാകേണ്ടത് ബാഹ്യമായല്ല, ആന്തരികമായാണ്. മലയാളിയുടെ ഇന്നത്തെ അവസ്ഥ കൊട്ടത്തേങ്ങയ്ക്കു സമാനമാണ്. പുറമെ കാർക്കശ്യവും ഉള്ളു പൊള്ളയും. അതിനു പകരം നമുക്ക് മാമ്പഴ സമാനമാകേണ്ടിയിരിക്കുന്നു. പുറമെ മൃദുലതയും ഉള്ളു ശക്തവും. ആരോഗ്യകരമായ, മൂല്യാധിഷ്ഠിതമായ ഒരു ജീവിതരീതി നാം കെട്ടിപ്പടുക്കേണ്ടിയിരിക്കുന്നു. കാരുണ്യവും സ്നേഹവും നമ്മുടെ സഹജീവികൾക്ക് പകർന്നു നൽകുവാൻ നമുക്ക് ആകണം. സർവ്വ ശക്തനായ, കരുണാമയനായ ദൈവം നമുക്ക് കനിഞ്ഞു നൽകിയ കഴിവുകൾ നമ്മുടെയും നമ്മുടെ വരും തലമുറയുടെയും നന്മയെ ലക്ഷ്യം വച്ച് ഉപയോഗിക്കുമ്പോൾ, നാം പണിതുയർത്തുന്നത് പുതിയ ദൈവീക രാജ്യമായിരിക്കും. അപ്പോൾ മാത്രമേ യഥാർത്ഥത്തിൽ ഓണം ആഘോഷിക്കുവാൻ നാം അർഹരാകുന്നുള്ളൂ.

കാലം അതിന്റെ പ്രവാഹം തുടരും. സൃഷ്ടി നാടകം തനിയാവർത്തിക്കപ്പെടും. നന്മയുടെ പൊന്നിൻ ചിങ്ങം ഇവിടെ പുലരുക തന്നെ ചെയ്യും. ഹവിസ്സിന് ഇതിൽ യാതൊരു സംശയവുമില്ല. പക്ഷേ, മലയാളത്തിന്റെ രക്തം സിരകളിലൊഴുകുന്നതിനാൽ ഹവിസ്സ് ആഗ്രഹിക്കുകയാണ്, നന്മയുടെ ആ പൊൻവെട്ടം ആസ്വദിക്കുവാൻ ഞങ്ങളുടെ സഹോദരരും ഒപ്പമുണ്ടാകണം. അതി, അന്ത്യത്തിലേയ്ക്കു നയിക്കുമെന്നറിയാതെ കുംഭകർണ്ണ നിദ്രയിൽ കഴിയുന്നവരുടെ കൂട്ടത്തിൽ നാം പെട്ടുപോകരുത്. ഘോരമായ മഴയെ ശപിച്ച്, നാലു ചുവരുകൾക്കുള്ളിൽ കുത്തിച്ചിരുന്ന് ടിവി കണ്ടിരിക്കുന്നതിനിടയിൽ വീണു കിട്ടുന്ന അപൂർവ്വം ഇടവേളകളിൽ, ഈ കർക്കിടക ചിന്തകൾ ചിലർക്കെങ്കിലും പ്രചോദനമായാൽ ഞങ്ങൾ ധന്യരായി.



## താളുകൾ മറിക്കുമ്പോൾ


വിവേക ശകലങ്ങൾ.................................................................................................................. ദാദി ജാനകി

ദാദി പ്രകാശ്മണി ജി...............................................................................ദാദി രത്നമോഹിനി, മൗണ്ട് ആബു

സദാ ദിദി ഏകവ്രതയായിരുന്നു.....................................................................................ഹവിസ് ബ്യൂറൊ

ഗീതാജ്ഞാനത്തിന്റെ ലക്ഷ്യവും ജ്ഞാനിയുടെ ലക്ഷണവും.......ബി.കെ. അരവിന്ദാക്ഷൻ, ആലപ്പുഴ

ദർശനം (കവിത)..............................................................................ബി.കെ. ശോഭാദേവി, തിരുവനന്തപുരം

സ്വർഗ്ഗം പണിയുന്നവർ..................................................................................പ്രതിഭാ നായർ, മൗണ്ട് ആബു

ഞാൻ ഈശ്വരനോടു സംസാരിക്കുകയായിരുന്നു.......................................................ഹവിസ്സ് ബ്യൂറൊ

ഈശ്വരാവതരണവും സഷ്ടിപരിവർത്തനും.......................................ബി.കെ. സുഭാഷ്, മൗണ്ട് ആബു

പടിയാറും കടന്നവിടെ ചെല്ലുമ്പോൾ.........................ബി.കെ. രവീന്ദ്രൻ പുത്തൂർ, തിരുവനന്തപുരം

ലേകത്തിലുള്ള പ്രശനങ്ങൾക്ക് പരിഹാരം............................................ബി.കെ. സുരേന്ദ്രൻ, ബംഗലൂർ

ഉദ്യാനപുഷ്പങ്ങൾ.............................................................................................................ഹവിസ്സ് ബ്യൂറൊ

എന്റെ കഥ....................................................................ബി.കെ. ജനാർദ്ദന ഉണ്ണിത്താൻ, മാവേലിക്കര

യജ്ഞവും സംസാര വിമോചനവും.................................................ബി.കെ. അനിൽ, തിരുവനന്തപുരം

ശാശ്വത മൂല്യങ്ങൾ വർദ്ധിപ്പിക്കൽ....................................ബി.കെ. രഘുനാഥൻ മാമ്പള്ളി, ചാത്തന്നൂർ

ബന്ധങ്ങൾ നിലനിർത്തുവാൻ.................................................................ബി.കെ. അമ്പിളി, മൗണ്ട് ആബു

ഈശ്വരീയ സേവനം കേരളത്തിൽ.......................................................................................ഹവിസ്സ് ബ്യൂറൊ



**ബഹു. ഡോ. ദാദി ജാനകി**
മുഖ്യ പ്രശാസിക, ബ്രഹ്മാകുമാരീസ്

### സഹകരണം

ഏല്ലാവർക്കും അവരവരുടേതായ വ്യക്തിഗതമായ കഴിവുകളുണ്ട്, എല്ലാവരുമായി നല്ല ബന്ധം പുലർത്തുവാൻ സാധിച്ചാൽ ഓരോരുത്തർക്കും ഒത്തൊരുമയോടെ ഒരു കാര്യം പൂർത്തീകരിക്കുവാനാകും. ഒരാളുടെ പ്രത്യേക ഗുണങ്ങളെ മനസ്സിലാക്കുകയും പ്രശംസിക്കുകയും ചെയ്യുമ്പോഴാണ് നാം അവരെ ബഹുമാനിക്കുന്നത്. സഹകരിപ്പിക്കുവാൻ സാധിക്കുന്നവർക്ക് എല്ലാ കാര്യവും എളുപ്പമായിരിക്കും. എന്റെ സകാരാത്മക വിചാരങ്ങളും സഹയോഗികളുടെ ശുഭ ചിന്തകളും ഒത്തു ചേരുമ്പോൾ വിജയം സുനിശ്ചിതം.

### ബഹുമാനം

എന്റെ ചുററുമുള്ള ഓരോ വ്യക്തിയും വ്യത്യസ്തനാണ്, ഓരോരുത്തരും പ്രത്യേകതയുള്ളവരാണ്, അതിശയകരമായ ഗുണങ്ങളും കഴിവുകളും ഉള്ളവരാണ്. ഞാൻ ഇപ്രകാരം മററുള്ളവരെ കാണുമ്പോൾ, അവർ എന്റെ ആഗ്രഹത്തിനനുസരിച്ച് മാറുമെന്ന് ഞാൻ ഒരിക്കലും പ്രതീക്ഷിക്കുന്നില്ല, മറിച്ച് അവരുടെ കഴിവുകളെയും ഗുണങ്ങളെയും ഞാൻ ബഹുമാനിക്കുന്നു.

## പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയം




എല്ലാ ജാതിയിലും മതത്തിലും വർഗ്ഗത്തിലും പെട്ട ഞങ്ങൾ 137 രാജ്യങ്ങളിലായി വ്യാപിച്ചിരിക്കുന്ന പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയത്തിന്റെ 9000 രാജയോഗ കേന്ദ്രങ്ങളിൽ നിത്യേന ക്ലാസ്സുകളിൽ പങ്കെടുക്കുന്നു. 55 രാജയോഗ കേന്ദ്രങ്ങളിലൂടെയും അനേകം ശാഖോപശാഖകളിലൂടെയും മലയാളത്തിന്റെ മണ്ണിലും ബ്രഹ്മാകുമാരീസ് അതിന്റെ ജൈത്രയാത്ര തുടരുകയാണ്. എല്ലാ വിശ്വാസ സംഹിതകളെയും ബഹുമാനിക്കുന്ന, യുക്തിയുക്തമായി ആത്മാവിന്റെയും ഈശ്വരന്റെയും, സമയത്തിന്റെയും, കർമ്മത്തിന്റെയും സ്വഭാവ രീതികൾ വിശദീകരിക്കുന്ന, ജ്ഞാനദീപ്തമായ ഒരു ജീവിതരീതി വർണ്ണിക്കുന്ന ആദ്ധ്യാത്മിക പഠനമാണ് ഞങ്ങൾ ഇവിടെ നടത്തുന്നത്.

മനസ്സിനെ ശാന്തമാക്കുന്ന, നമ്മുടെ ആന്തരീകവും ബാഹ്യവുമായ ലോകവുമായി ആരോഗ്യകരമായ ഐക്യം വളർത്തുന്ന, ഒരു ധ്യാന മാർഗ്ഗം ഞങ്ങൾ അഭ്യസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. അനേകം സാമൂഹ്യ പ്രവർത്തനങ്ങളിലൂടെയും സഹയോഗങ്ങളിലൂടെയും ആദ്ധ്യാത്മിക ധാരണയും സമഗ്രമായ നേതൃത്വവും ഞങ്ങൾ പ്രോത്സാഹിപ്പിക്കുകയും കൂടുതൽ മെച്ചപ്പെട്ട ഒരു ലോകത്തിനായി ഉത്കൃഷ്ടമായ കർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നു.



# ദാദി പ്രകാശ്മണി ജി

**ദാദി രത്നമോഹിനിജി, സഹ മുഖ്യസംഘാടക,**
**ബ്രഹ്മാകുമാരീസ്**

ഞാൻ ദാദിജിയെ യജ്ഞത്തിന്റെ ആദ്യം മുതൽ കണ്ടിരുന്നു. യജ്ഞം ആരംഭിച്ചപ്പോൾ മുതൽ ദാദിജിയോടൊപ്പം ഞാനുമുണ്ടായിരുന്നു. ഇത് ഹൈദരാബാദിലെ കാര്യമാണ്. ഓം നിവാസിൽ ദാദിജി ആദ്യം തന്നെ വന്നിരുന്നു. ആദ്യം മുതൽ തന്നെ ദാദിജിക്ക് ലീഡറിന്റെ വേഷമായിരുന്നു.

ഓം നിവാസിൽ ഉണ്ടായിരുന്ന കൊച്ച് കുമാരിമാരെ, സംരക്ഷിക്കുന്ന ഉത്തരവാദിത്വം ബാബ ദാദിജിയ്ക്കാണ് നൽകിയിരുന്നത്. ഗുൽസാർ ദാദിയ്ക്ക് അപ്പോൾ 9 വയസ്സായിരുന്നു ബാക്കിയുള്ളവർ അതിലും ചെറുപ്പ മായിരുന്നു. ആദ്യം മുതൽ തന്നെ ദാദിജിയുടെ പാർട്ട് ബാബയോടൊപ്പം യജ്ഞസേവനത്തിൽ സഹയോഗിയുടേതായിരുന്നു. ബാബ ഉത്തരവാദിത്വങ്ങൾ ദാദിജിയ്ക്ക് നൽകി ദാദിജിയെ പഠിപ്പിച്ചു കൊണ്ടിരുന്നു. ബാബയോടൊപ്പം വേഷം അഭിനയിച്ചപ്പോൾ സ്വാഭാവികമായും അവരുടെയുള്ളിൽ ബാബ യെപ്പോലെ കാര്യങ്ങൾ ചെയ്യുവാനുള്ള ശക്തിയും കൈവന്നു. സംഘടനയെ എങ്ങനെ കൊണ്ടുപോകണം, എപ്രകാരം സംസാരിക്കണം, എങ്ങനെ സംരക്ഷിക്കണം ഇതെല്ലാം ദാദിജി പഠിച്ചു. ബാബയ്ക്ക് ഇത് എന്റെ കുടുംബമാണ്, ഇവർ എന്റെ കുട്ടികളാണ് എന്ന ഫീലിംഗ് ഉണ്ടായിരുന്നതുപോലെ ദാദിയ്ക്കും ആ ഫീലിംഗ് ഉണ്ടായിരുന്നു, ദാദിയുടെ ദൃഷ്ടിയിൽ ആ ഭാവന നിറഞ്ഞിരുന്നു. ആരെ കാണുമ്പോഴും ഇത് എന്റെ കുടുംബമാണ് എന്ന ഭാവനയായിരുന്നു ദാദിജിയ്ക്ക്. ബാബയുടെ കുടുംബം എന്നാൽ എന്റെ കുടുംബം. ദാദിജിയ്ക്ക് എല്ലാവരും എന്റേതാണ് എന്ന ഭാവമുണ്ടായിരുന്നു അതിനാൽ എല്ലാവരും ദാദിജിയും എന്റേതാണ് എന്ന് കരുതിയിരുന്നു. ദാദിജി ബാബയ്ക്ക് സമാനം എല്ലാവരെയും പരിപാലിച്ചു.

തുടക്കം മുതൽ ഏത് സേവനത്തിനും, ബാബ ദാദിജിയെ അയയ്ക്കുമായിരുന്നു. ആദ്യമായി ജപ്പാനിൽ നിന്ന് ക്ഷണം വന്നപ്പോൾ അതിനും തിരഞ്ഞെടുത്തത് ദാദിജിയെയായിരുന്നു. ബാബയ്ക്ക് സമാനം എല്ലാവർക്കും പാലന നൽകുക, എല്ലാവരുടെയും കാര്യങ്ങൾ ഉൾക്കൊള്ളുക, എല്ലാവരെയും ശ്രദ്ധിക്കുക, ഇതെല്ലാം ദാദിജി ചെയ്യുമായിരുന്നു. മധുബനിൽ വരുന്നവർക്ക് എല്ലാ സൗകര്യങ്ങളും ഒരുക്കുക, ഇവയൊക്കെ ദാദിജി സ്വയം ചെയ്തിരുന്നു എല്ലാവർക്കും അവ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക. രാത്രിയിൽ വന്നവരെല്ലാം വിശ്രമിക്കുമ്പോൾ ബാബ എന്നെയും ദാദിജിയെയും അയയ്ക്കുമായിരുന്നു ബാബ പറയും കുട്ടികൾ പോയി നോക്കൂ എല്ലാവരും സുഖമായി ഉറങ്ങിയോ, അവർക്ക് എല്ലാ സൗകര്യങ്ങളും കിട്ടിയോ? പിന്നീട് വിവരങ്ങൾ ഞങ്ങളോട് ചോദിച്ചറിയുമായിരുന്നു.? ബാബയെപോലെ ദാദിജിയും എല്ലാവർക്കും പാലന നൽകി, ബാബയുടെ ഗുണങ്ങളെ സ്വയം ധാരണ ചെയ്തു. ദാദിജിയുടെ പവിത്രത മഹത്തരമായിരുന്നു.



# ദീദി സദാ ഏകവ്രതയായിരുന്നു

ഹവിസ്സ് ബ്യൂറൊ

ദീദി മൻമോഹിജിയുടെ ലൗകീക പേര് ഗോപി എന്നായിരുന്നു. തന്റെ അമ്മ, സഹോദരിമാർ എന്നിവരോടൊപ്പമാണ് സമ്പന്ന കുടുംബത്തിലെ അംഗമായ ദീദി യജ്ഞത്തിൽ സമർപ്പിതമായത്. ബാബ പറയുന്നതെല്ലാം ദീദി പ്രായോഗികമാക്കി കാണിക്കുമായിരുന്നു. ദീദിയ്ക്ക് ബാബയോട് അത്രയും അതീവ സ്നേഹമുണ്ടായിരുന്നു. 1952–ൽ ബ്രഹ്മാകുമാരീസിന്റെ ഭാരതത്തിലെ സേവനം ആരംഭിച്ചപ്പോൾ അലാഹബാദിലെയും ദില്ലിയിലെയും സേവനത്തിന് നിമിത്തമായത് ദീദിയായിരുന്നു. ദില്ലിയിലെ കമലാനഗർ സേവാകേന്ദ്രത്തിൽ കുറച്ചു വർഷങ്ങൾ ദീദി സേവനം ചെയ്തു. 1965–ൽ മാതേശ്വരിജി തന്റെ ഭൗതീക ശരീരം ത്യാഗം ചെയ്തതിനു ശേഷം ബാബ തന്റെ കൂടെ ദീദിയെ സേവനത്തിനു കൂട്ടി. ദീദി യജ്ഞത്തിനകത്തുള്ള ഓരോ കാര്യങ്ങളും നോക്കുകയും യജ്ഞവത്സരുടെ ഓരോ കാര്യവും ശ്രദ്ധയോടെ ചെയ്യുകയും ചെയ്തിരുന്നു. രണ്ട് ശരീരവും ഒരാത്മാവും എന്ന നിലയിൽ ദീദി മൻമോഹിനിജിയുടെയും പിന്നെ ദാദി പ്രകാശ് മണിജിയുടെയും അലൗകീക ജോഡി പ്രസിദ്ധമായിരുന്നു. ദീദി പറയുന്നത് ദാദി ചെയ്തു, ദാദി പറയുന്നത് ദീദി ചെയ്തു. സേവനത്തിൽ ഒപ്പമുള്ളവരെയും വരുന്നവരെയും മാതൃപിതൃ ഭാവത്തോടെ പരിപാലിച്ചു. ദീദിയെ കുറിച്ച് ദാദി ജാനകിജിയുടെ ഉള്ളിന്റെയുള്ളിൽ നിന്നുള്ള സ്നേഹം നിറഞ്ഞ വാക്കുകൾ ഇവിടെ അവതരിപ്പിക്കുകയാണ്...

'എന്നെ ശിവശക്തിയുടെ ബാഡ്ജ് അണിയിച്ചത് ദീദിയായിരുന്നു. അപ്പോൾ ഞാൻ ശിവന്റെ ശക്തിയാണ് എന്ന ഓർമ്മയിലിരിക്കുമായിരുന്നു. എന്റെയടുത്ത് ബാഡ്ജല്ലാതെ മറ്റൊന്നുമില്ല, എന്റെ പാലന നടത്തുന്നതും സേവനമാണ്. ഓരോ കാര്യവും എങ്ങനെ നിമിത്തമായി നോക്കണമെന്ന് ദീദി പഠിപ്പിച്ചു. അലർട്ടായിരിക്കണം. പഠനത്തിലോ, യോഗത്തിലോ, സേവനത്തിലോ ഒരിക്കലും മടി ഉണ്ടാകാൻ പാടില്ല. ദീദി ക്ലാസ്സിലൊരിക്കലും താമസിച്ചു വന്നിരുന്നില്ല. കർമ്മാതീതമാകുന്ന ആത്മാവിന് നിദ്രാജീത്താകുന്നതിലും ശ്രദ്ധയുണ്ടായിരിക്കും എന്ന് ദീദി കാട്ടിതന്നു.

സദാ എല്ലാവരോടും വളരെ സ്നേഹമായിരിക്കണമെന്ന് ദീദി പഠിപ്പിച്ചു. പഠിക്കാനും സത്യതയുള്ളവരായിരിക്കാനുമുള്ള ഭാവന സദാ ഉണ്ടായിരിക്കണം, അതിലൂടെ സുഖം ലഭിക്കും. ഈശ്വരന്റെ ഓർമ്മയിലിരിക്കുക എന്നതാണ് എന്റെ ജോലി എന്ന് ദീദി എപ്പോഴും പറയുമായിരുന്നു. ഒരേ ഒരു ബാബയായിരിക്കണം എന്റെ സ്മൃതിയിൽ, സേവനം രണ്ടാമത്തെ കാര്യമാണ് ഓർമ്മയിലിരിക്കുകയെന്നത് യാത്രയാണ്, അതു കൊണ്ട് യാത്രയിലുള്ള നിയമങ്ങൾ കൃത്യമായി പാലിക്കണം. ഓർമ്മയുടെ യാത്രയിൽ മുന്നിലുള്ള ലക്ഷ്യത്തിൽ തന്നെ എല്ലാവരും എത്തും, ആരോടും ഒന്നും പറയേണ്ട കാര്യമില്ല.

ദീദി ദിവസേന അമൃതവേള യോഗത്തിന് നാല് മണിക്ക് ഹാജരാകുമായിരുന്നു. സ്വയം യോഗം ചെയ്യിക്കുമായിരുന്നു. എന്താണോ മമ്മയും ബാബയും പഠിപ്പിച്ചത്, ദീദി അത് പ്രായോഗികമായി ചെയ്തു കാണിച്ചു. ബാബയെ എങ്ങനെ ഓർമ്മിക്കണമെന്ന് പഠിക്കണമെങ്കിൽ ദീദിയെ നോക്കൂ.

ദീദി ആംഗ്യത്തിലൂടെ എങ്ങനെ മധുരമാകാൻ കഴിയുമെന്ന് പഠിപ്പിച്ചു. മധുബനിലുള്ള ഒരുപാട് സഹോദരി–സഹോദരന്മാർക്ക് ദീദിയുടെ പാലന ലഭിച്ചു. ദീദി എല്ലാവരെയും ശക്തരാക്കി. വിശേഷത എല്ലാവരിലുമുണ്ട്, ദാദിയ്ക്കും ദീദിയ്ക്കും അവരവരുടേതായ വിശേഷതകൾ ഉണ്ടായിരുന്നു, എന്നാൽ എല്ലാവർക്കും സർവ്വഗുണസമ്പന്നമാകണം. ഇപ്പോൾ ആയില്ലെങ്കിൽ പിന്നെ എപ്പോഴാണ് ആകുന്നത്. ബാബയുടെ ചുവടനുസരിച്ച് എങ്ങനെ നടക്കണമെന്ന് ദീദി പഠിപ്പിച്ചു. ഒരിക്കലും മൻമത്തനുസരിച്ച് നടന്നിട്ടില്ല. പഠിപ്പിൽ പൂർണ്ണമായ ശ്രദ്ധ നൽകിയിരുന്നു, ദീദിയുടെ ചോദ്യത്തിന് മുൻപിൽ എല്ലാവരും തോറ്റു പോകുമായിരുന്നു.

ദീദിയ്ക്ക് ബാബയോട് അതീവ സ്നേഹമായിരുന്നു. ദൃഷ്ടിയിലൂടെ ശക്തി നൽകുകയും, അനുഭവം ചെയ്യിപ്പിക്കുകയും ചെയ്തു. വൈകുന്നേരം കൃത്യ സമയത്ത് യോഗത്തിന് എത്തിയിരുന്നു, പുരുഷാർത്ഥത്തിന്റെ രസം ദീദിയിൽ നിന്നുമാണ് പഠിച്ചത്. ദീദിയുടെ പുരുഷാർത്ഥത്തിൽ ഒരിക്കലും ക്ഷീണം കണ്ടിരുന്നില്ല. പുരുഷാർത്ഥം എന്നാൽ ബാബയെ ഓർമ്മിക്കുക എന്നതാണ്. ദീദിയുടെ കൂടെയുള്ള കാര്യങ്ങൾ ഓർക്കുന്നത്, അത് വർത്തമാന സമയത്ത് വളരെ സഹായകരമാകുന്നു.



# ഗീതാജ്ഞാനത്തിന്റെ ലക്ഷ്യവും ജ്ഞാനിയുടെ ലക്ഷണവും

**ബി.കെ. അരവിന്ദാക്ഷൻ, ആലപ്പുഴ**

## ആത്മാഭിമാനിയാകുക – ഗീതയുടെ ആഹ്വാനം

നശ്വരതയിലാണ് ഇന്ന് മനുഷ്യമനസ്സ് രമിക്കുന്നത്. നശ്വരമായത് പരിധിയുള്ളതായിരിക്കും. പരിധിയുള്ളതിൽ നിന്നും ലഭിക്കുന്ന സുഖത്തിന് പരിധിയുണ്ടായിരിക്കും. മനുഷ്യന്റെ ലക്ഷ്യം പരിധിയില്ലാത്ത സുഖമാണ്. ഓരോ ഇന്ദ്രിയത്തിലൂടെ പരമാവധി സുഖം അനുഭവിക്കാനായാണ് മനുഷ്യൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ശാസ്ത്ര–സാങ്കേതിക വിദ്യയും ശ്രമിക്കുന്നത് പരമാവധി വസ്തുക്കൾ ഉത്പ്പാദിപ്പിച്ച് പരമാവധി സുഖം അതിൽ നിന്നും അനുഭവിക്കാനാണ്. എന്നാൽ നാം കാണുന്ന ഒരു വിരോധാഭാസം, സുഖവസ്തുക്കൾ കൂടുന്നതനുസരിച്ച് സുഖം വർദ്ധിക്കുന്നില്ല എന്നു മാത്രമല്ല, മനുഷ്യന് ഏതു കാലത്തേക്കാളും സുഖവും സമാധാനവും കുറഞ്ഞും വരുന്നു.

'സുഖമല്പം ബഹുക്ലേശം
ഇന്ദ്രിയാണാം നൃണം
അനന്തം ബ്രഹ്മനിഷ്ഠാനാം
ഇതി വേദാന്ത ഡിംഡിമ'

'ഇന്ദ്രിയങ്ങളിൽ കൂടി ലഭിക്കുന്ന സുഖം അല്പമായിരിക്കും, ക്ലേശം വളരെക്കൂടുതലായിരിക്കും, എന്നാൽ ബ്രഹ്മനിഷ്ഠമായ മനസ്സിന് അനന്തസുഖമായിരിക്കും, ഇതാണ് വേദാന്തത്തിന്റെ കൊട്ടിഘോഷിക്കൽ എന്ന് ശങ്കരാചാര്യസ്വാമികൾ പറഞ്ഞിരിക്കുന്നു.' ഭാരതീയതത്വശാസ്ത്രത്തിന്റെ മൂലമാണിത്. ബാഹ്യവിഷയങ്ങളിൽ സുഖം തേടി അസുഖബാധിതനായിരിക്കുന്ന, ബാഹ്യലോകത്ത് ശാന്തി തേടി അശാന്തനായിരിക്കുന്ന, ബാഹ്യലോകത്ത് ബഹുമാനം തേടി അപമാനിതനായിരിക്കുന്ന ആത്മാവിനോട് ഗീതയും ഭാരതീയശാസ്ത്രങ്ങളും ഉപദേശിക്കുന്നതിതാണ്– അത് പുറത്ത് നിന്നും ലഭിക്കില്ല, അകത്തുനിന്നേ ലഭിക്കുകയുള്ളൂ. ബാഹ്യവസ്തുക്കൾ (ഇന്ദ്രിയ വിഷയങ്ങൾ) സുഖസ്വരൂപമല്ല, അത് ജഡമാണ്. ജഡത്തിൽ നിന്നും എങ്ങിനെ സുഖം ലഭിക്കും? എന്നാൽ ഒരു ലഡു കഴിക്കുന്ന ആൾക്ക് സുഖം ലഭിക്കുന്നുണ്ടല്ലോ? അപ്പോൾ അത് എവിടെ നിന്നാണ്? ശരി, ലഡുവിൽ സുഖമുണ്ടെങ്കിൽ നിങ്ങൾ രണ്ട് ലഡു കഴിക്കൂ. ഇരട്ടി സുഖം ലഭിക്കുമോ? ലഡുവിലാണ് സുഖമിരിക്കുന്നതെങ്കിൽ തീർച്ചയായും എണ്ണം കൂടുന്നതനുസരിച്ച് സുഖം വർദ്ധിക്കുമായിരുന്നു. പക്ഷേ അനുഭവം മറിച്ചാണ്. സുഖം, സുഖസ്വരൂപനായ ആത്മാവിലാണ് ഇരിക്കുന്നത്. ആത്മാവ് അനന്തമായ സുഖത്തിന്റെ ശ്രോതസ്സാണ്. ലഡു നാവിൽ വച്ചപ്പോൾ ആത്മാവിൽ നിന്നും അല്പം സുഖം ഊറി വന്നു. അതാണ് നാം ലഡുവിൽ നിന്നും ലഭിച്ച സുഖമായി തെറ്റിദ്ധരിച്ചത്. ഏതൊരു ഇന്ദ്രിയസുഖവും ആത്മാവിന്റെ സുഖത്തിന്റെ സ്റ്റോക്കിൽ കുറവു വരുത്തും. അതുകൊണ്ടാണ് സത്യയുഗത്തിൽ 16 കലാ സമ്പന്നരായിരുന്നവർ പാപകർമ്മങ്ങളൊന്നും ചെയ്യാതിരുന്നിട്ടും ത്രേതായുഗത്തി

ശേഷം 7–ാം പേജിൽ

# ദർശനം

ബി.കെ. ശോഭാദേവി, തിരുവനന്തപുരം

കാറ്റൊന്നു വീശി മെല്ലെ കേട്ടൂ മർമരം
ഞാൻ കരുതി നീ വന്നെൻ അരികിലൊരു പാൽ പുഞ്ചിരിയായ്
കണ്ടില്ലവിടെങ്ങും നിന്നെ
കണ്ടില്ലവിടെങ്ങും നിന്നെ

മഴയൊന്നു പെയ്തു പയ്യെ വീണൂ നീർത്തുള്ളി
ഞാൻ കരുതീ നീ വന്നെന്നെ തൊട്ടൂ തണുപ്പായ്
കണ്ടില്ലവിടെങ്ങും നിന്നെ
കണ്ടില്ലവിടെങ്ങും നിന്നെ

മിന്നൽ വന്നൊന്നു മിന്നി പരന്നൂ പ്രകാശം
ഞാൻ കരുതീ നീ വന്നെൻ അരുകിൽ പ്രകാശമായ്
കണ്ടില്ലവിടെങ്ങും നിന്നെ
കണ്ടില്ലവിടെങ്ങും നിന്നെ

കേട്ടൂ നിൻധ്വനി കാററുപോൽ
അറിഞ്ഞൂ നിൻ സ്പർശനം നീർത്തുള്ളിയായ്
ദർശിച്ചു നിന്നെ പ്രകാശ ബിന്ദുവായ്
ഉള്ളിന്റെ ഉള്ളിൽ കണ്ടൂ
ഭഗവാനെ നിന്നെമാത്രം



6–ാം പേജ്തുടർച്ച...

ലെത്തിയപ്പോൾ 14 കലയായതും കലിയുഗത്തിൽ കലയില്ലാത്തവരായി മാറിയതും. ഏതു ജീവിയും ഏറ്റവും കൂടുതൽ ഇന്ദ്രിയസുഖം അനുഭവിക്കുന്നത്. കാമവികാരത്തിൽ പോകുമ്പോഴാണ്. അതിന്റെ അർത്ഥം ഏറ്റവും കൂടുതൽ ആത്മീയസുഖത്തിന്റെയും ശക്തിയുടെയും നഷ്ടം സംഭവിക്കുന്നത് കാമവികാരത്തിൽ പോകുമ്പോഴാണ്. അതിനാലാണ് ഗീതാകാരനായ ഭഗവാൻ കാമത്തെ മഹാശത്രുവായി പറഞ്ഞിരിക്കുന്നത്. ഉപഭോഗ സംസ്കാരമുള്ള കേരളം പോലുള്ള ദേശങ്ങളിൽ മാനസിക സംഘർഷവും കലഹങ്ങളും കൂടുന്നതിന്റെ കാരണവും മറ്റൊന്നല്ല. ഇന്ദ്രിയങ്ങളുടെ ആകർഷണത്തിൽ നിന്നും പൂർണ്ണമായി മുക്തമാകുവാൻ ഈശ്വരൻ നിർദ്ദേശം നൽകുന്നതിന്റെ പിന്നിലെ ആത്മീയ തത്വമിതാണ്. ബുദ്ധിക്ക് ഈ രഹസ്യം മനസ്സിലായാൽ, ആ ബുദ്ധിയ്ക്ക് മനസ്സിനെ നിയന്ത്രിക്കുവാൻ എളുപ്പമായിരിക്കും. ശാശ്വതവും അനന്തവുമായ സുഖം ആത്മവിലുണ്ടെന്നു മനസ്സിലാക്കുന്ന ജ്ഞാനി ആത്മാഭിമാനിയാകാനുള്ള പുരുഷാർത്ഥത്തിൽ ഏർപ്പെടുന്നു.

ബാഹ്യസ്പർശേഷ്വസക്താത്മാ
വിന്ദത്യാത്മനി യത്സുഖം
സ ബ്രഹ്മയോഗയുക്താത്മാ
സുഖമക്ഷയമശ്നുതേ

ഗീത ഃ 5–21

ബാഹ്യവിഷയങ്ങളിൽ ആസക്തിയില്ലാത്തവന് തന്റെ അന്തഃകരണത്തിൽ ഉണ്ടാകുന്ന ശാശ്വതസുഖം ലഭിക്കുന്നു. അവൻ പിന്നെ ബ്രഹ്മധ്യാനത്തിൽ മനസ്സുറപ്പിച്ചിട്ട് അക്ഷയമായ ബ്രഹ്മസുഖത്തെ പ്രാപിക്കുന്നു.



# സ്വർഗ്ഗം പണിയുന്നവർ...

പ്രതിഭാ നായർ, മൗണ്ട് ആബു

സ്വർഗ്ഗം പണിയുന്നവരെ തേടിയുള്ള യാത്രയിലാണ് ഞങ്ങൾ. മൂടൽമഞ്ഞ് വകഞ്ഞു മാററി ഞങ്ങളുടെ വാഹനം ആരാവല്ലിയുടെ നിറുകയിലേയ്ക്കുള്ള പ്രയാണത്തിലാണ്. ഇടയ്ക്കിടെ നേരിയ മഴ പെയ്യുന്നുണ്ട്. മഴമേഘങ്ങൾ ഞങ്ങളോടൊപ്പം മല കയറുന്ന കാഴ്ച നയനാനന്ദകരം തന്നെ. ഇടയ്ക്കിടെ പാറക്കെട്ടുകളിൽ തല്ലിത്തകർന്ന് താഴോട്ടു പതിക്കുന്ന ചെറിയ വെള്ളച്ചാട്ടങ്ങൾ. കുട്ടികൾ വെള്ളച്ചാട്ടങ്ങളിൽ തിമിർത്താടുകയാണ്. നിരപ്പായ സ്ഥലങ്ങളിൽ പൂത്തു നിൽക്കുന്ന ഈന്തപ്പനകൾ വേറിട്ട കാഴ്ചയായി.

സ്വർഗ്ഗം, കുഞ്ഞുന്നാളു മുതൽ കേട്ടു വളർന്ന സ്വപ്നഭൂമി. വിശ്വാസികളുടെ വാഗ്ദത്ത ഭൂമി. ദേവതകൾ വാഴുന്ന ലോകം. ആദവും ഹവ്വയും പങ്കിട്ട പറുദീസ. അവിടെ 8 തലമുറയുണ്ടാകുമെന്ന് ഖുറാൻ പറയുന്നു എന്ന് ഞങ്ങളോടൊപ്പം തീവണ്ടിയിലുണ്ടായിരുന്ന കോഴിക്കോടുകാരി ഹൈറുന്നിസ പറഞ്ഞത് എനിക്ക് പുത്തൻ അറിവായിരുന്നു. ലഹരി പിടിപ്പിക്കുവാൻ കഥകൾ ഏറെ. എങ്കിലും എന്റെ ചിന്തകൾ എന്നും മറെറാരു വഴിയ്ക്കായിരുന്നു. ആരാണ് സ്വർഗ്ഗത്തിൽ പോകുക? എന്തായിരിക്കും അവിടെ പോകുവാനുള്ള യോഗ്യത? സത്കർമ്മം ചെയ്യലാണ് അതിനുള്ള മിനിമം ക്വാളിഫിക്കേഷൻ എങ്കിൽ, എന്താണ് സത്കർമ്മം? എന്റെ സാമാന്യ ബുദ്ധി പറഞ്ഞത് ഇങ്ങനെ – ഈ കലിയുഗത്തിൽ യോഗ്യരായവരുടെ എണ്ണം തുലോം തുച്ഛം. നേർവഴി എന്തെന്ന് അറിയാതെ എങ്ങനെ ഒരാൾക്ക് നേർവഴി നടക്കുവാനാകും?

ഋഷിഭിർ ബഹുധാ ലോകേ പന്ഥാന പ്രകടീകൃതാ
ശ്രമസാധാശ്ച തേ സർവ്വേ സ്വർഗ്ഗ ഫല പ്രദാ

എന്ന ശ്ലോക പ്രകാരം വഴികൾ പലത്! ലക്ഷ്യം ഒന്ന്. അതായത് സ്വർഗ്ഗം ഒരു കൊടുമുടി കയററം പോലെ. ഓരോരുത്തരും അവരവരുടെ വഴി തിരഞ്ഞെടുക്കുക, ലക്ഷ്യത്തിൽ എത്തും. എന്തോ, എനിക്കിത് അത്ര സുഖമായി തോന്നിയില്ല. എന്റെ പ്രമാണം എന്നും ഇതായിരുന്നു. സത്യം ഒന്നു മാത്രം, അതിലേയ്ക്കുള്ള വഴിയും ഒന്നു മാത്രമായിരിക്കണം. സ്വർഗ്ഗം ശ്രേഷ്ഠരായവരുടെ നാടാണ്. ശ്രേഷ്ഠരായവരോടു കൂടണമെങ്കിൽ നമുക്കും ശ്രേഷ്ഠരാവേണ്ടിയിരിക്കുന്നു. സഖിത്വം സമന്മാർ തമ്മിലല്ലേ ആവൂ. ശ്രേഷ്ഠരാവുന്നതിനുള്ള മാർഗ്ഗം എന്ത്? ഞാൻ എന്നും ഈ അന്വേഷണത്തിലായിരുന്നു.

ഇപ്പോൾ ഞങ്ങൾ അക്കാഡമി ഫോർ എ ബററർ വേൾഡിൽ പ്രവേശിച്ചു കഴിഞ്ഞു. ലോകത്തിലെ ഏററവും വലിയ ആദ്ധ്യാത്മിക സർവ്വകലാശാലയായ ബ്രഹ്മാകുമാരീസിന്റെ മൗണ്ട് ആബുവിലെ അക്കാഡമി കോംപ്ലക്സ് ആണിത്. ശാന്ത–പ്രശാന്തമായ, പ്രകൃതി രമണീയമായ ചുറ്റുപാട്. ഇത് തികച്ചും വേറിട്ട ഒരു ലോകം. നാം അവർക്ക് പരിചിതരാണെന്ന പോലെയാണ് നമ്മോട് ഇവിടുത്തെ ഓരോ അന്തേവാസിയും പെരുമാറുന്നത്. വീടും നാടും വിട്ട് ഇത്ര അകലെയെത്തിയിട്ടും ആ ഒരു ഗൃഹാതുരത്വം അനുഭവപ്പെടുന്നതേ ഇല്ല. ഇതും സ്വന്തം വീടു പോലെ. ഇവിടുത്തെ ഓരോ പുൽക്കൊടിയും നമ്മോടു സംവദിക്കുന്ന പോലെ. അത്താഴം കഴിഞ്ഞ് മുറിയിലേയ്ക്ക് നടക്കുമ്പോഴെയ്ക്കും കോട മഞ്ഞ് ഊർന്നിറങ്ങിക്കഴിഞ്ഞിരുന്നു. സുഖമുള്ള ആ തണുപ്പിൽ ഉറക്കം വന്നത് അറിഞ്ഞതേയില്ല.

കണ്ണു തുറന്നപ്പോൾ മുന്നിൽ ശ്വേത വസ്ത്രധാരിയായ ആജാനബാഹുവെങ്കിലും നന്നേ വൃദ്ധനായ ഒരാൾ. സ്നേഹം തുളുമ്പി നിൽക്കുന്ന ആ കണ്ണുകൾ എന്നെ മാടി വിളിക്കുകയാണ്. ആ വൃദ്ധനോടൊപ്പം, അദ്ദേഹത്തിന്റെ വിരലിൽ തൂങ്ങി ഞാൻ പുറത്തിറങ്ങി. കളകളാരവത്തോടെ ഒഴുകുന്ന കൊച്ചരുവി. തീരത്ത് മാനും മയിലും. ഏതോ കലാകാരൻ തന്റെ കരവിരുതിനാൽ തീർത്ത

സ്വപ്ന ഭൂമി പോലെ ഒരു സ്ഥലം. എങ്ങും ഉത്സവത്തിന്റെ പ്രതീതി. എല്ലാവരും നല്ല സന്തോഷത്തിലാണ്. ഒരു വശത്ത് പാട്ടും നൃത്തവുമായി കൊച്ചു കുട്ടികളും സ്ത്രീകളും. ഞങ്ങൾ ഏറെ നേരം അവിടെ ചെലവഴിച്ചു. എന്തെല്ലാമോ പങ്കു വച്ചു. എപ്പോഴാണ് അദ്ദേഹം എന്നെ വിട്ടു പിരിഞ്ഞതെന്ന് എനിക്ക് ഓർമ്മയില്ല. കണ്ണു തുറക്കുമ്പോൾ ഞാൻ എന്റെ മുറിയിൽ ഒറ്റയ്ക്ക്. നേരം വെളുക്കുവാൻ ഇനിയും ഏറെ നേരം ബാക്കിയുണ്ട്. ഞാൻ പതുക്കെ പുറത്തിറങ്ങി.

നനുത്ത മഞ്ഞിന്റെ തണുപ്പ്. എങ്ങും തിങ്ങി നിൽക്കുന്ന മൂടൽ മഞ്ഞ്. അതിലൂടെ ഒററയ്ക്കും കൂട്ടമായും മാലാഖമാരെപ്പോലെ നടന്നു നീങ്ങുന്ന ശുഭ്ര വസ്ത്രധാരികൾ. ഞാൻ മെല്ലെ അവരെ പിന്തുടർന്നു. അവരെല്ലാവരും ചുവന്ന പ്രകാശം നിറഞ്ഞു നിൽക്കുന്ന ഒരു വലിയ മുറിയെ ലക്ഷ്യം വച്ചാണ് നടന്നു നീങ്ങിയിരുന്നത്. വൃത്താകൃതിയിലുള്ള ആ മുറിയ്ക്ക് പുറത്ത് ഒരല്പനേരം ഞാൻ മടിച്ചു നിന്നു. പിന്നെ പതുക്കെ ഉള്ളിലേയ്ക്ക് പ്രവേശിച്ചു. ധാരാളം പേർ അവിടെ നിലത്തും കസാലകളിലും ധ്യാന നിരതരായിരിക്കുന്നു. അരണ്ട വെളിച്ചത്തിലും ഞാൻ തിരിച്ചറിഞ്ഞു, ഇന്നലെ എന്നെ വിളിച്ചുണർത്തിയ വൃദ്ധന്റെ ചിത്രം... ആ കണ്ണുകൾ ഇപ്പോഴും എന്നെ മാടി വിളിക്കുന്ന പോലെ. ആരാണ് ഇദ്ദേഹം? എനിക്കറിയില്ല. എല്ലാവരോടും ഒപ്പം ഞാനും അവിടെ കുറച്ചു നേരം ഇരുന്നു. അറിയാതെ ഞാൻ എന്നിലേയ്ക്ക് ആഴത്തിൽ ആണ്ടിറങ്ങുവാൻ തുടങ്ങി. അവിടെ എന്നിലെ നന്മയെ ഞാൻ തൊട്ടറിഞ്ഞു എന്റെ മനസ്സ് ഇപ്പോൾ തികച്ചും ശാന്തമാണ്. അതിൽ സംശയങ്ങളില്ല, ആശങ്കകളില്ല, ആകുലതകളില്ല. ഇനിയും വ്യക്തമല്ലാത്ത ഏതോ ദൗത്യം എനിക്ക് ഏറെറടുക്കേണ്ടിയിരിക്കുന്നു എന്ന് ആരോ ഉള്ളിലിരുന്ന് മന്ത്രിക്കുന്നതു ഞാൻ അറിയുന്നു. രണ്ടു ദിവസം നീണ്ട പഠന ക്ലാസ്സുകൾ അറിവിന്റെ പുത്തൻ മേച്ചിൽപ്പുറങ്ങളിലേയ്ക്ക് എന്നെ കൈപിടിച്ചുയർത്തി. ഇപ്പോൾ, ആദ്യമായി ഞാൻ എന്നെ തിരിച്ചറിഞ്ഞിരിക്കുന്നു. സൃഷ്ടിയുടെ ആദി–മദ്ധ്യാന്ത പൊരുൾ എത്ര സരളമായാണ് ഇവിടെ വിവരിച്ചു നൽകുന്നത്. കർമ്മത്തിന്റെ കണക്കുകൾ തീർത്ത് ശ്രേഷ്ഠ ഭാഗ്യം നേടിയെടുക്കുന്ന സഹജവിധി ഞാൻ മനസ്സിലാക്കി. ജ്ഞാന സാഗരനായ ഈശ്വരനാൽ സ്വയം സ്ഥാപിതമായ ഈ സർവ്വകലാശാല എനിക്കു മുന്നിൽ തുറന്നിട്ടത് അറിവിന്റെ ഭണ്ഡാരമാണ്. ജീവിതത്തിൽ ആദ്യമായി ഞാൻ സത്യം തൊട്ടറിഞ്ഞു. ഈശ്വരീയമായ ഈ ദൗത്യത്തിൽ എന്റെ വേഷം എനിക്ക് ഇപ്പോൾ വ്യക്തമാണ്. ഇപ്പോൾ ഒരു കാര്യം എനിക്ക് ഉറപ്പുണ്ട്, സ്വർഗ്ഗത്തിൽ പോകുന്നവരുടെ പട്ടികയിൽ മാത്രമല്ല, സ്വർഗ്ഗം പണിയുന്നവരുടെ പട്ടികയിലും എന്റെ പേരുണ്ടാകും, തീർച്ച.



ഒരു ധനവാനായ വ്യക്തി തന്റെ കാറിനെ സൂക്ഷ്മ നിരീക്ഷണം നടത്തുന്ന ദരിദ്രനായ കുട്ടിയെ നോക്കി. അയാൾ ആ കുട്ടിയെ കാറിലിരുത്തി.

കുട്ടി പറഞ്ഞു : താങ്കളുടെ കാറ് വളരെ നല്ലതാണ്, വിലപ്പെട്ടതാണല്ലേ?

അയാൾ : ങ്ഹാ... എന്റെ ജേഷ്ഠൻ എനിക്ക് സമ്മാനമായി നൽകിയതാണ്.

കുട്ടി : കുറച്ചുസമയം ചിന്തിച്ചതിനുശേഷം.....
ഹായ് താങ്കളുടെ ജ്യേഷ്ഠൻ എത്ര നല്ലതാണ്.

അയാൾ : എനിക്കറിയാം നീ എന്താണ് ചിന്തിക്കുന്നതെന്ന്. നീയും ഇതുപോലൊരു കാർ ആഗ്രഹിക്കുന്നുണ്ടല്ലേ?

കുട്ടി : ഇല്ല. (ചിന്തിച്ചതിനുശേഷം) ഞാൻ താങ്കളുടെ ജ്യേഷ്ഠനെപ്പോലെയാകാനാണ് ആഗ്രഹിക്കുന്നത്.

**ഗുണപാഠം – നിങ്ങളുടെ ചിന്തകൾ സദാ മറ്റുള്ളവരുടേതിനേക്കാൾ ഒരുപടി ഉയരത്തിലായിരിക്കണം.**

**നമ്മൾ തമ്മിൽ**

**നിങ്ങളുടെ പ്രിയപ്പെട്ട ഹവിസ്സ് വായനക്കാർക്ക് വേദിയൊരുക്കുന്നു.**
**നിങ്ങളുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഞങ്ങൾക്ക് എഴുതുക.**
havissmonthly@gmail.com




ബി.കെ.സുഭാഷ്, മൗണ്ട് ആബു

കലികാലത്തിന്റെ കഠിന ദണ്ഡനകൾ ഏറ്റുവാങ്ങി ലോകം നിലവിളിക്കുമ്പോഴും കലിയുഗത്തിൽ ഒരു പുൽക്കൊടിയായെങ്കിലും ഭാരതഭൂമിയിൽ വന്ന് പിറക്കാൻ കഴിഞ്ഞാൽ അത് മഹാപുണ്യമാണെന്നും ദേവീദേവതകൾക്ക് പോലും മുക്തിയും ജീവന്മുക്തിയും ലഭിക്കണമെങ്കിൽ, കലിയുഗത്തിൽ മനുഷ്യനായി ഭാരതത്തിൽ വന്ന് പിറക്കണമെന്ന് ഋഷി മുനിമാർ പറയുന്നു. എന്താണ് ഭാരതത്തിന്, കലിയുഗത്തിന് ഇത്ര പ്രത്യേകതകൾ ഉണ്ടാകുവാൻ കാരണം.... മറ്റ് രാജ്യങ്ങൾ ധനസൗകര്യങ്ങളുടെ വർദ്ധനയ്ക്കായ് അയൽ രാജ്യങ്ങൾ വെട്ടിപ്പിടിക്കുമ്പോൾ ഭാരതപുത്രൻ സ്വയത്തെ അറിയുന്നതിനും ഈശ്വരനെ അറിയുന്നതിനുമായി സകലതും ത്യജിച്ച് തപസ്സിൽ മുഴുകി. മററ് യുഗങ്ങൾ സമൃദ്ധിയുടെയും സത്യതയുടെയും വിളഭൂമിയായിരുന്നെങ്കിൽ എല്ലാം നശിച്ച് ലോകം മുഴുവൻ ഈശ്വരനായി ഈ കലിയുഗത്തിൽ നിലവിളിക്കുമ്പോൾ ഈശ്വരന് ഈ സൃഷ്ടിയിലേക്ക് വരാതിരിക്കാനാവുമോ?

അതെ, ത്വമേവ മാതാശ്ച പിതാ ത്വമേവ....
എന്ന് നമ്മൾ ഈശ്വരനെപറ്റി പറഞ്ഞെങ്കിൽ, നമുക്കായ് ഈശ്വരൻ മാതാപിതാവായി സൃഷ്ടിയിൽ അവതരിച്ചിരിക്കുന്നു. ജനിച്ചു വളർന്ന് നരച്ചു നശിച്ചു പോകുന്ന ഈ ശരീരത്തിന്റെ മാതാപിതാവായല്ല ഒരിക്കലും നശിക്കാത്ത ആത്മനക്ഷത്രങ്ങളുടെ മാതാപിതാവായാണ് ഈശ്വരൻ വന്നിരിക്കുന്നത്. തന്റെ കുട്ടികളുടെ ദു:ഖ-ദുരിതങ്ങളെ ഇല്ലാതാക്കി പുതിയ ലോക സ്ഥാപനയ്ക്കായി സ്വയം പരമപിതാ ശിവ പരമാത്മാവ് സൃഷ്ടിയിൽ അവതരിച്ചു കഴിഞ്ഞിരിക്കുന്നു. 76 വർഷം പിന്നിട്ട ഈ സുവാർത്ത ഇനിയും നിങ്ങൾ അറിഞ്ഞില്ലായെങ്കിൽ, അനുഭവിച്ചില്ലായെങ്കിൽ അതിനോളം വലിയ നഷ്ടം ഇനിയുമുണ്ടാകുകയില്ല. അതല്ല കലിയുഗാന്ത്യത്തിനായി കൽകിയെയാണ് നിങ്ങൾ പ്രതീക്ഷിക്കുന്നതെങ്കിൽ കൽകിയുടെ സമയവും ഇത് തന്നെയാണ്. വരദാനി ഹസ്തരായ ദേവതകളെ വരച്ച് കാട്ടിയ ചിത്രകാരന്മാർ കൽകിയുടെ ഹസ്തങ്ങൾക്ക് ഏകിയത് ഹിംസാത്മക ഖഡ്ഗം ദുർബലരായി കേഴുന്ന ജനകോടികളെ വെട്ടിക്കൊല്ലുവാൻ ഒരു അവതാരമോ? കലിയുഗാന്ത്യത്തിൽ വെള്ളക്കുതിരപ്പുറത്തേറി വാൾത്തലകൊണ്ട് മ്ലേച്ഛ (ദുഷ്ടന്മാരുടെ) വർഗ്ഗത്തിന്റെ തലയറുത്തു മാററി ലോകം മുഴുവൻ ചോരപ്പുഴയൊഴുക്കി അവസാനം തന്റെ ശരീരത്തിൽ നിന്നുതിരുന്ന സുഗന്ധദ്രവ്യത്താൽ ലോകം ശുദ്ധമാക്കി നവലോക രചനയക്കായി നിമിത്തമാകുന്ന കൽകി, നിങ്ങളുടെയുള്ളിൽ ഭീതി പടർത്തുന്നുവോ? അതോ പ്രതീക്ഷ പകരുന്നുവോ?

പേടിക്കേണ്ട.......ക്ഷേത്രസമാനം ശുദ്ധമായി സൂക്ഷിക്കുന്ന ശരീരത്തെയാണ് ഇവിടെ കുതിരയായി കാണിച്ചിരിക്കുന്നത്. ഗുണങ്ങളെയും ശക്തികളെയുമാണ് ആഭരണങ്ങളായി കാണിച്ചിരിക്കുന്നത്.കുതിരയെ നയിക്കുന്ന രഥി ആത്മാവാണ്. എന്റെ കൈ, എന്റെ കാൽ, എന്റെ ശരീരം, എന്റെ വീട് എന്നൊക്കെയുള്ള ശബ്ദങ്ങൾ ഉച്ചരിക്കുമ്പോൾ ഒന്ന് ശ്രദ്ധിച്ചുനോക്കൂ ഞാൻ വേറെയല്ലേ. നമുക്കറിയാം ഓരോ വാക്കിന്റെയും അർത്ഥാന്തരങ്ങൾ മനസ്സിലാക്കി തന്നെയാണ് നമ്മൾ ഉപയോഗിച്ചിട്ടുള്ളത്. അതുകൊണ്ടുത്തന്നെ ലോകം മുഴുവൻ അറിയാതെയെങ്കിലും അംഗീകരിക്കുന്ന ഈ സത്യത്തെ അറിഞ്ഞ് അംഗീകരിക്കേണ്ട സമയമായിരിക്കുന്നു- ഞാൻ ശരീരമല്ല, ഞാൻ ആത്മാവാണ്.

ആത്മാവിന്റെയുള്ളിൽ നിറഞ്ഞിരിക്കുന്ന അറിവിനെയാണ് വാളായി കാണിച്ചിരിക്കുന്നത്. ആത്മാവ്, പരമാത്മാവ്, കാലചക്രം മുതലായ ജ്ഞാനം സ്വയം പരമാത്മാവ് ലോകത്തിന് ഇപ്പോൾ പകർന്ന് നൽകിക്കൊണ്ടിരിക്കുകയാണ്. ഇതിലൂടെയാണ് ദേഹബോധത്തിന്റെ ദു:ഖ മണ്ഡലങ്ങളിൽ നിന്ന് ഓരോരുത്തരെയും മുക്തരാക്കി ആത്മബോധത്തിന്റെ ചൈതന്യ സ്വരൂപത്തിലേക്ക് എടുത്തുയർത്തുന്നത്. ഇത് യഥാർത്ഥത്തിൽ ഒരു മരണം തന്നെയാണ്. പഴയ മോശമായ സംസ്ക്കാരങ്ങളിൽ നിന്നും ദു:ഖ-ദുരിതങ്ങളിൽ നിന്നുള്ള മരണം. ആത്മസ്മൃതിയിലുണർന്ന് പരമാത്മ സ്മൃതിയിൽ ലയിക്കുന്ന വ്യക്തി അഖണ്ഡമായ ശക്തികളാലും ഗുണങ്ങളാലും സ്വയം നിറയ്ക്കപ്പെടുന്നു. ദുർഗന്ധ പൂരിതലോകത്തിലേക്ക് ഇത് പകർന്ന് നൽകുന്നതിലൂടെ ലോകം സുഗന്ധപൂരിതമാകും. അസത്യവും അധർമ്മവും ഇല്ലാതാകും.

വരൂ.. പുതിയലോകത്തിനായി നമുക്കൊരുമിക്കാം സ്വയം ഈശ്വരനെ അനുഭവിക്കാം. ഈശ്വരന്റെ പാലനകൾ ഏററുവാങ്ങാം. ഈശ്വരന്റെ കരങ്ങളായി നവലോക രചനയ്ക്കായ് ഒരുമിക്കാം.




## പടിയാറും കടന്നവിടെ ചെല്ലുമ്പോൾ
# ശിവനെക്കാണാകും ശിവശംഭോ

**ബി.കെ. രവീന്ദ്രൻ പുത്തൂർ, തിരുവനന്തപുരം**

ചലനാത്മകത തന്നെയാണ് പ്രാപഞ്ചിക രഹസ്യം. പ്രപഞ്ചത്തിൽ വസ്തുക്കളും, അവസ്തുക്കളും ചലനത്തിനു വിധേയമായിക്കൊണ്ടിരിക്കുന്നുവെന്നതാണ് വാസ്തവം. വസ്തുവും, അവസ്തുവും എവിടെ നിന്നാണോ തുടങ്ങിയത് അതിലേക്കുതന്നെ എത്തിച്ചേരുന്നതിനുവേണ്ടി ബോധപൂർവ്വമായും, അല്ലാതെയും പ്രവർത്തിക്കുന്നതിനെയാണ് ചലനമെന്ന് പറയുന്നത്. അവസ്തുവായ ആത്മാവും വസ്തുവായ ശരീരവും എവിടെ നിന്നു തുടങ്ങിയോ അവിടേയ്ക്കുതന്നെ പൊയ്ക്കൊണ്ടിരിക്കുന്ന ഒരു യാത്രയാണിത്.

ഈ യാത്രയിൽ ശരീരം മാറ്റത്തിനുവിധേയമായി വീണ്ടും അതിൽ തന്നെ എത്തിച്ചേരുകയും ആത്മാവ് എവിടെ നിന്ന് വന്നുവോ അവിടേയ്ക്കു തന്നെ യാത്ര ചെയ്യുകയും ചെയ്യുന്നു. അങ്ങനെ അനവരതം തുടരുന്ന ഒരു ജൈത്രയാത്രയിലാണ് പ്രപഞ്ചം നിലനിൽക്കുന്നത്. ഇതിൽ ആകർഷണവും വികർഷണവുമാണ് മുഖ്യ ഘടകം. ആത്മാവ് ആകർഷണവിധേയമായി പരമാത്മാവിലേക്കും ശരീരം ആത്മാവിൽ നിന്ന് വികർഷിച്ച് അതിന്റെ ഉറവിടത്തിൽ തന്നെയും സ്ഥിതി ചെയ്യാൻ പ്രേരിതമാവുകയും ചെയ്യുന്നു. ഇങ്ങനെ ആകർഷണവികർഷണ തത്വത്തിൽ പ്രപഞ്ചം പ്രസന്നമായി നിലനിൽക്കുകയാണ് ചെയ്യുന്നത്.

ഇതിൽ ആത്മാവിന് യാത്രയും ശരീരത്തിന് മാറ്റവുമാണുണ്ടാകുന്നതെന്ന് പറഞ്ഞുവല്ലോ. ആത്മാവിന്റെ യാത്ര എവിടംവരെയാണ് എന്നതിന്റെ അടിസ്ഥാനത്തിലാണ്

പടിയാറും കടന്നവിടെ ചെല്ലുമ്പോൾ
ശിവനെക്കാണാകും ശിവ ശംഭോ

എന്ന് പുരാണങ്ങളിൽ പറയപ്പെട്ടിട്ടുള്ളത്.

എന്താണ് പടി? ഒരു യാത്രയുടെ ആദി മുതൽ അവസാനം വരെയുള്ള ഭാഗത്തെയാണ് പടിയെന്നു പറയുന്നത്. അപ്പോൾ പ്രപഞ്ചത്തിൽ ആകെയുള്ളത് എന്താണോ അതിനെയാണ് പടിയെന്ന് പറയേണ്ടത്. എന്താണ് പ്രപഞ്ചം മുഴുവനും നിറഞ്ഞു നിൽക്കുന്നത്? അതിനെയാണ് പഞ്ചതത്വം എന്നു പറയുന്നത്. അതായത് ആകാശം, വായു, അഗ്നി, ജലം, ഭൂമി ഇവ. ശരീരം ഉണ്ടാകുന്നതിനു നിമിത്തമായ ഈ ഘടകങ്ങൾക്കുമപ്പുറം മനസ്സും കടന്ന് ശിവലോകം. ഇതാണ് 6 പടികൾ.

ശിവലോകം പ്രാപിക്കുന്ന ആത്മാവ്, വീണ്ടും തന്നിൽ അടങ്ങിയിരിക്കുന്ന ആകർഷണ സാംസ്കാരത്തിന്റെ അടിസ്ഥാനത്തിൽ സാകാരലോകത്തെ തന്റെ പഴയ കർമ്മക്ഷേത്രത്തിലേക്ക് ആകർഷിക്കപ്പെടുന്നു. അങ്ങനെ വരവിന്റെയും പോക്കിന്റെയും അവിരാമമായ യാത്രയിൽ പ്രപഞ്ചം അതിന്റെ ചലനപ്രക്രിയ തുടർന്നുകൊണ്ടേയിരിക്കുന്നു.



# ലോകത്തിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം - മൂല്യാധിഷ്ഠിത വിദ്യാഭ്യാസം.

ബി.കെ.സുരേന്ദ്രൻ, ബംഗലൂർ

ഒരു കുഞ്ഞ് ജനിച്ചിരുന്നാൽ അതിന്റെ കുട്ടിക്കാലം മുതൽ മുകളിലേയ്ക്കുള്ള പഠനം മുഴുവൻ പല ലൗകീക കഴിവുകളും യോഗ്യതകളും സമ്പാദിക്കാനുള്ള ഇനത്തിൽ പെട്ടതാണ്. ഒരു നല്ല പദവി സമ്പാദിക്കണം, അധികാരം കരസ്ഥമാക്കണം, അതിനോടൊപ്പം പണം സമ്പാദിക്കണം എന്നതാണ് അതിലൂടെ ഉദ്ദേശിക്കുന്നത്. കൂടുതൽ പണം കരസ്ഥമാക്കിയാൽ കൂടുതൽ സുഖമായിട്ട് ജീവിക്കാം എന്നൊരു തോന്നലാണ് ഇതിന്റെ പിന്നിലുള്ള പ്രേരക ശക്തി. ഭൗതീക സുഖം ഉണ്ടാക്കുന്ന സൗകര്യങ്ങൾ ദിനംപ്രതി വർദ്ധിച്ച് വരുകയാണ്. ഇതിൽ മുൻപന്തിയിൽ നിൽക്കുന്നത് ഇൻഫർമേഷൻ ടെക്നോളജി, ഗതാഗത സൗകര്യങ്ങൾ, വാർത്താവിനിമയ മാദ്ധ്യമങ്ങൾ അതിനോടനുബന്ധിച്ചുള്ള ഉപകരണങ്ങൾ എന്നിവയൊക്കെയാണ്. ഇതിൽ ടി.വി, മൊബൈൽഫോൺ, ഇന്റർനെറ്റ് എന്നീ മൂന്ന് തരത്തിലുള്ള മായയുടെ ചക്രവ്യൂഹങ്ങളുടെ പ്രഭാവം വർദ്ധിച്ചുവരുകയാണ്. ഈ മൂന്നു ഘടകത്തോടും മനുഷ്യന് ഒരു തരത്തിലുള്ള വിധേയത്വ ഭാവം ഇന്ന് വർദ്ധിച്ചുവരുന്നതായി നമുക്ക് കാണാൻ കഴിയും.

ആധുനിക ലോകത്തിൽ ലഭ്യമായിക്കൊണ്ടിരിക്കുന്ന വിജ്ഞാനത്തിന്റെ സുഖസൗകര്യങ്ങൾ ശ്ലാഘനീയമാണ്. ഭൗതീകലോകത്തിൽ ഇനിയും സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കണം. ആകാശത്തിൽ പറക്കുന്ന വാഹനങ്ങൾ, വീട്ടിനുള്ളിൽ ഇരുന്നുകൊണ്ട് ലോകം മുഴുവൻ കാണാനുള്ള സൗകര്യം, ലോകത്തിന്റെ ഏതുമൂലയിലിരിക്കുന്ന ആളുമായി ടെലികോൺഫ്രൻസിംഗ് ചെയ്യാനുള്ള സൗകര്യം, ക്യുക്ക് മെഡിക്കൽ റിലീഫ് കൊടുക്കാനുള്ള സൗകര്യം, ഇതെല്ലാം ഇന്നിവിടെ ലഭ്യമാണ്.

പക്ഷെ സുഖസൗകര്യങ്ങൾ സ്വന്തം ജീവിതത്തെയും മറ്റുള്ളവരുടെ ജീവിതത്തെയും നശിപ്പിക്കുന്ന രീതിയിലുള്ള ഒരു പ്രവണത നമുക്ക് കാണാം. ഈ സുഖസൗകര്യങ്ങളെ നാം എന്തിന്, എത്ര അളവിൽ എപ്പോൾ എങ്ങനെ ഉപയോഗിക്കണം എന്നുള്ള അറിവിന്റെ അഭാവം കൊണ്ട് ഭൗതീകതയ്ക്ക് പ്രാധാന്യം കൊടുക്കുകയും ധനവും സ്ഥൂലമായ സമ്പത്തുമാണ് ജീവിതത്തിൽ പ്രധാനപ്പെട്ട ഘടകം എന്നുള്ള ഒരു ദിശയിലേക്ക് വളരെ തീവ്രഗതിയിൽ പൊതുജീവിതം നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ ഫലമായിട്ട് സമൂഹത്തിൽ താഴെപ്പറയുന്ന പ്രവണതകൾ രൂപപ്പെട്ടുകൊണ്ടിരിക്കുന്നു.

1. അബ്നോർമലും സബ്നോർമലുമായ ആളുകൾ കൂടിക്കൊണ്ടിരിക്കുന്നു. സാധാരണ നിലയിൽ മാനസ്സീകാവസ്ഥയുള്ള ആളുകൾ കുറഞ്ഞുകൊണ്ടിരിക്കുന്നു.

2. കൂടുതൽ ആളുകളും പലതരത്തിലുള്ള രോഗികൾ ആയിക്കൊണ്ടിരിക്കുന്നു. ഇതിൽ കൂടുതലും മാനസിക രോഗികളാണ്, മാനസിക സംഘർഷം കൂടുന്നതിനോടൊപ്പം രോഗികൾ വർദ്ധിക്കുന്നു. അതിന്റെ ഫലമായിട്ട് കൂടുതൽ ആശുപത്രികൾ സ്ഥാപിച്ചുകൊണ്ടിരിക്കുന്നു.

3. ശരിയായ മാനസിക അവസ്ഥ ഇല്ലാത്ത കാരണം കൊണ്ട് പരസ്പര മനുഷ്യബന്ധം നിലനിർത്താൻ സാധിക്കുന്നില്ല. അതിന്റെ ഫലമായി കൂടുതൽ കുടുംബങ്ങളും അണുകുടുംബങ്ങളായിക്കൊണ്ടിരിക്കുന്നു.

4. ഭാര്യാഭർത്താക്കൻമാരുടെ ബന്ധം ശിഥിലമാകുന്നതുകൊണ്ട് ഡൈവോഴ്സിന്റെ നിരക്ക് വർദ്ധിക്കുന്നു. ഇതിന്റെ ഫലമായി കുടുംബ കോടതികൾ വർദ്ധിക്കുന്നു.

5. കുടുംബ ബന്ധങ്ങളിലെ അസ്വസ്ഥതകൾ കൊണ്ട് കൂടുതൽ തർക്കങ്ങൾ കൂടുന്നതുകൊണ്ട് താലൂക്ക് കോർട്ടുകളും, ഡിസ്ട്രിക്റ്റ് കോർട്ടുകളും വർദ്ധിക്കുകയാണ്.

6. അസ്വസ്ഥതയുടെ മറ്റൊരു പരിണാമം, സമൂഹത്തിൽ കുറ്റകൃത്യങ്ങൾ, കൊലപാതകങ്ങൾ, മോഷണങ്ങൾ, ബലാത്കാരങ്ങൾ തുടങ്ങിയവ വർദ്ധിക്കുന്നതിനോടൊപ്പം പോലിസ് സ്റ്റേഷനുകൾ വർദ്ധിക്കുന്നു. കുറ്റവാളികൾ സമൂഹത്തിൽ കൂടുന്നതിനനുസരിച്ച് കൂടുതൽ ജയിലുകൾ സ്ഥാപിക്കപ്പെടുന്നു.

7. ഭാര്യാഭർത്താക്കന്മാരുടെ ബന്ധം മോശപ്പെടുന്നതിനോടൊപ്പം എക്സ്ട്രാ മാരിറ്റൽ റിലേഷൻസ്, ലീവിംഗ് റിലേഷൻസ്, ഇല്ലിസറ്റ് റിലേഷൻസ് എന്നിവകൾ വർദ്ധിക്കുന്നു. ഇതിനോടൊപ്പം അനാഥ കുട്ടികളുടെ എണ്ണവും അനാഥാലയങ്ങളും വർദ്ധിക്കുന്നു.

8. പ്രായമായ അച്ഛനമ്മമാരെ സംരക്ഷിക്കാൻ സൗകര്യവും സന്മനസ്സും ഇല്ലാത്തതുകൊണ്ട് വൃദ്ധസദനങ്ങൾ വർദ്ധിക്കുന്നു.

ഈ വിഷമപരിസ്ഥിതികളിൽ കൂടുതൽ പണത്തിന്റെ ആവശ്യമുണ്ട്. അതിനുവേണ്ടി കൈക്കൂലി തുടങ്ങിയ പലതരത്തിലുള്ള കുറുക്ക്വഴികൾ ആരായുന്നതുകൊണ്ട് അതിനോടനുബന്ധിച്ച പലതരത്തിലുള്ള കുറ്റകൃത്യങ്ങൾ സമൂഹത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു. വലിയതരത്തിലുള്ള സ്കാംസ്, അട്ടിമറികൾ, ചൂഷണങ്ങൾ തുടങ്ങിയവ വർദ്ധിച്ചുവരുന്നു. പണമാണ് സർവ്വസ്വവും എന്നുള്ള പരിഗണനയിൽ ജീവിതത്തിന്റെ നിലവാരം മാറിക്കൊണ്ടിരിക്കുന്നു. മൂല്യങ്ങളുടെയും ആദ്ധ്യാത്മികതയുടെയും അഭാവം കൊണ്ടാണ് ഇങ്ങനെയുള്ള ദുർദ്ദശയുണ്ടായിരിക്കുന്നത്. ഒരു വശത്ത് പണമുണ്ടാക്കാനുള്ള മനുഷ്യന്റെ കഴിവുകൾ വർദ്ധിക്കുന്നതിനനുസരിച്ച് മറുവശത്ത് മനുഷ്യന്റെ ജീവിക്കാനുള്ള കഴിവും, സ്വയം നിയന്ത്രിക്കാനുള്ള കഴിവും ഇല്ലാതായിരിക്കുന്നു.

ജീവിക്കാനുള്ള കലകളും കഴിവുകളും കുറഞ്ഞതിന്റെ കാരണം, മനുഷ്യന് എല്ലാ തരത്തിലുള്ള ഭൗതീക സുഖങ്ങൾ ഉണ്ടായിരുന്നിട്ടും, ജീവിതത്തിൽ ജീവിതം ഇല്ലാത്ത അവസ്ഥയാണ്. എല്ലാം ഉണ്ട് എന്നാൽ ഒന്നും ഇല്ലാത്ത ഒരവസ്ഥ അതായത് ജീവിതത്തിൽ സുഖം ശാന്തി സ്നേഹം, സമാധാനം എന്നിവയില്ലാത്ത അവസ്ഥയാണ് ഇന്നിപ്പോൾ സംജാതമായിരിക്കുന്നത്.

മനുഷ്യന്റെ യഥാർത്ഥ സമ്പത്ത്.

ശാന്തിയും, മനഃസുഖവും, ആരോഗ്യവും, സമാധാനവും, സുരക്ഷയും, പരസ്പര സ്നേഹവും ഇതെല്ലാമാണ് ജീവിതത്തിലെ യഥാർത്ഥ സമ്പത്ത്. ഇതിന്റെ ഉത്പത്തി വ്യക്തികളുടെ ആദ്ധ്യാത്മിക അസ്തിത്വമാണ്. സ്വയം ആത്മാവാണെന്ന ബോധത്തിൽ നിന്നും ആത്മാർത്ഥതയും, ആത്മീയതയും, നന്മയും ഉണ്ടാകുന്നു. ആത്മബോധത്തിൽ നിന്നും വിവേകവും സത്യതയും, ശാന്തിയും, സ്നേഹവും, സുഖവും, ആനന്ദവും, സർവ്വ ശക്തികളും സ്വതസിദ്ധമായിട്ട് നമ്മുടെ ജീവിതത്തിൽ പ്രത്യക്ഷമാകുന്നു. ഇതെല്ലാം നമ്മുടെ ജന്മസിദ്ധമായ മൂല്യങ്ങളാണ്. ഇതിന്റെ സ്വാധീനത്തിലും ആധാരത്തിലും, അധീനതയിലും ചെയ്യുന്ന ഓരോ പ്രവൃത്തികളും നമുക്കും മറ്റുള്ളവർക്കും നന്മയുണ്ടാക്കുന്നതായിരിക്കും. ഇതിനോടൊപ്പം വെറും ഭൗതീകമായ പ്രവൃത്തികളും, മനുഷ്യ ബന്ധനങ്ങളും മാറി, ഭൗതീകവും ആദ്ധ്യാത്മീകവുമായിട്ടുള്ള വളർച്ച ഉണ്ടാകുവാൻ തുടങ്ങും. താഴെ പറയുന്ന ആദ്ധ്യാത്മിക മൂല്യങ്ങൾ നമ്മെ മൂല്യവാന്മാരാക്കാൻ സഹായിക്കുന്നവയാണ്. മൂല്യങ്ങൾ നശിച്ചാൽ എല്ലാം നശിക്കും. അതുകൊണ്ട് മൂല്യധിഷ്ഠിത വിദ്യാഭ്യാസം കുട്ടിക്കാലത്ത് ഏർപ്പെടുത്തിയാൽ മൂല്യവാന്മാരായിട്ടുള്ള വ്യക്തികളെ വാർത്തെടുക്കാൻ സാധിക്കുന്നതാണ്. ഭൗതീക വിദ്യാഭ്യാസത്തോടൊപ്പം ആദ്ധ്യാത്മികതയെക്കുറിച്ചും മൂല്യങ്ങളെക്കുറിച്ചുമുള്ള പാഠ്യപദ്ധതി ആവിഷ്കരിച്ച് ജാതി, കുല, ധർമ്മമന്യേ എല്ലാവർക്കും കൊടുക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്.

### ആദ്ധ്യാത്മിക മൂല്യങ്ങൾ

1. പുനരവലോകനം
2. സമർപ്പണം
3. വിനയം
4. സഹനശീലത
5. ശാന്തി
6. ധൈര്യം
7. വിശ്വസാഹോദര്യം
8. ഒരു വിശ്വം ഒരുകുടുംബം
9. ആധികാരികത
10. സ്വരാജ്യഅധികാരം

**യഥാർത്ഥ സോഷ്യലിസം കാണണമെങ്കിൽ മൗണ്ട് അബു സന്ദർശിച്ചാൽ മതി**

സൂര്യകൃഷ്ണമൂർത്തി



# ഉദ്യാനപുഷ്പങ്ങൾ

ഹവിസ്സ് ബ്യൂറൊ

പൂവുകൾ എല്ലാവർക്കും ഇഷ്ടമാണ്. പൂക്കളെ ആകർഷകമാക്കുന്ന കാര്യങ്ങൾ പലതാണ്. നിറഭേദങ്ങളും, രൂപഭംഗിയും, സുഗന്ധവും കൊണ്ട് പൂക്കൾ എന്നും മനസ്സിന് കുളിർമ്മയും ആനന്ദവും പകരുന്നു. പൂക്കളിൽ ചിലത് അതിന്റെ സുഗന്ധം ദൂരെ-ദൂരെ പരത്തുന്നു. ചിലതിന്റെ രൂപവും നിറവും ആകർഷണീയമായിരിക്കും. എന്നാൽ സുഗന്ധം കാണില്ല. ചിലതാകട്ടെ, ദുർഗന്ധം വമിക്കുന്നവയായിരിക്കും. ചില വിഷപുഷ്പങ്ങളുമുണ്ട്.

വിശ്വവിഖ്യാത കവിയായ വില്യം വേഡ്സ്വർത്ത്, തന്റെ ഡാഫഡിൽസ് എന്ന കവിതയിൽ പൊയ്കയുടെ തീരത്ത് കാറ്റിലുലയുന്ന ഡാഫഡിൽ പുഷ്പങ്ങളുടെ സുന്ദരദൃശ്യം നൽകിയ സന്തോഷാനുഭൂതിയെ അതിമനോഹരമായി വർണ്ണിച്ചിരിക്കുന്നു. മനസ്സ് നൊമ്പരപ്പെടുന്ന നിമിഷങ്ങളിൽ, വിഷാദമഗ്നനാകുന്ന വേളയിൽ, അകക്കണ്ണിലൂടെ ആ പൂക്കളുടെ ദൃശ്യം കാണുമ്പോൾ അത് പകരുന്ന സന്തോഷാനുഭൂതിയും മാനസികോല്ലാസവും അദ്ദേഹം വർണ്ണിക്കുന്നു. പ്രകൃതിയുടെ മനോഹാരിതയ്ക്ക് മനസ്സിനെ ഇത്രയേറെ സ്വാധീനിക്കാൻ കഴിയുന്നു. മനുഷ്യ ജീവിതത്തിന്റെ കാര്യമെടുത്തുനോക്കൂ. ഈ സൃഷ്ടിയെ ഒരു ഉദ്യാനമായി ഉപമിച്ച് നോക്കൂ. ഈ ഉദ്യാനത്തിലും അങ്ങനെയുള്ള മാനവ പുഷ്പങ്ങളുണ്ട്. ഉദ്യാനത്തിലെ പൂക്കൾ പല തരത്തിലാണ്, അതുപോലെ തന്നെയാണ് മാനവ പുഷ്പങ്ങളും.

ഗുണങ്ങളാകുന്ന സൗരഭ്യം കൊണ്ട് മറ്റുള്ളവർക്ക് സന്തോഷം പകരുന്ന മാനവപുഷ്പങ്ങളുണ്ട്. അങ്ങനെയുള്ളവരെ ആത്മസൗന്ദര്യം നിറഞ്ഞ ആത്മീയ പുഷ്പങ്ങൾ എന്ന് വിളിക്കാം. അവരെ മഹാന്മാരായും ദേവസമാനരായും ലോകം എന്നെന്നും പ്രകീർത്തിക്കുന്നു. ഇതിനു വിപരീതമായി, അവഗുണങ്ങളുടെ ദുർഗന്ധം പരത്തുന്ന മാനവ പുഷ്പങ്ങളുണ്ട്. സുഗന്ധം കുറവായിരുന്നാലും, ദുർഗന്ധമുള്ളതോ, വിഷമുള്ളതോ ആകാതിരിക്കുമ്പോൾ മാത്രമേ ജീവിതത്തിന്റെ ഹൃദ്യതയും മനോഹാരിതയും അനുഭവമാകൂ.

ആത്മസൗന്ദര്യം നിറഞ്ഞ ആത്മീയപുഷ്പമാകണമെങ്കിൽ തന്നിലേയ്ക്ക്, ഈ ശരീരത്തിലെ ചൈതന്യത്തിലേയ്ക്ക്, ആത്മാവിലേയ്ക്ക് ഒരു അന്വേഷണം അനിവാര്യമാണ്. ഈ ആത്മസൗരഭ്യത്തിന് ആധാരമായിരിക്കുന്നത് ആത്മബോധമാണ് എന്ന് അതിലൂടെ നമുക്ക് മനസ്സിലാക്കുവാൻ കഴിയും. ഇന്ന് നൈമിഷികമായി മാത്രം അനുഭവിക്കുന്ന സുഖം, ശാന്തി, സന്തോഷം, ആനന്ദം മുതലായ ദിവ്യഗുണങ്ങൾ ആത്മാവിന്റെ തന്നെ നിജഗുണങ്ങളാണ് എന്ന് മനസ്സിലാകും. ആത്മാന്വേഷണത്തിന്റെ അന്തിമ ഘട്ടമാണ്, ആ സുഗന്ധങ്ങൾ പരത്തുന്ന ആത്മീയ പുഷ്പങ്ങളായിത്തീരുക എന്നത്. അതിവിശിഷ്ടവും സമർത്ഥവുമായ ഈ അവസ്ഥയിൽ എത്താൻ എന്താണ് ആദ്യമായി ചെയ്യേണ്ടത്. വ്യർത്ഥമായ കാര്യങ്ങൾ ത്യാഗം ചെയ്യുക. വ്യർത്ഥമായ ചിന്തകൾ, സ്വഭാവം, സംസ്കാരം, വാക്ക്, സമ്പർക്കം, പ്രവൃത്തി, തുടങ്ങി, വ്യർത്ഥത്തിന്റെ കാര്യങ്ങൾ അനവധിയുണ്ട്. ഞാൻ ദേഹമാണെന്ന് ചിന്തിക്കുകയും, ഇവിടെയുള്ള പലതും എന്റേതാണെന്ന് അഭിമാനിക്കുന്നതുമാണ് വ്യർത്ഥത്തിന്റെ ബീജം. അത് ഇല്ലായ്മ ചെയ്യണം. ഞാൻ ആത്മാവാണെന്നും, ഈ സൃഷ്ടിയും ദേഹവും, ആത്മാവാകുന്ന അഭിനേതാവിന്റെ വേദിയാണ് എന്നും മനസ്സിലാക്കണം. ഈ വേദിയിലെ എന്റെ അഭിനയഭാഗം ശ്രേഷ്ഠമാക്കുക എന്നത് എന്റെ കർത്തവ്യമാണ് എന്ന് ചിന്തിക്കുക. സ്വപരിവർത്തനം - എന്റെ വിചാരങ്ങളിലും, വാക്കുകളിലും, ആചരണങ്ങളിലുമുള്ള ഒരു ശ്രേഷ്ഠ പരിവർത്തനം കൊണ്ടുവരണം. ഇങ്ങനെയുള്ള സ്വപരിവർത്തനം, ഈ വിശ്വത്തിന്റെ തന്നെ പരിവർത്തനത്തിന് ആധാരമാകും. അപ്പോൾ, എന്നെന്നും സുഗന്ധം പരത്തുന്ന ആത്മീയപുഷ്പങ്ങളുടെ ഒരു ലോകമായി, ഒരു മനോഹര ഉദ്യാനമായി, ഈ ഭൂമി മാറും. ഒരു നിമിഷം ചിന്തിച്ചു നോക്കൂ, ഇങ്ങനെയൊരു മാറ്റത്തിന് നമ്മൾ എത്രമാത്രം തയ്യാറാണ്?



# എന്റെ കഥ

**ബി.കെ. ജനാർദ്ദന ഉണ്ണിത്താൻ, മാവേലിക്കര**

എന്റെ നീണ്ട ജീവിത യാത്രയുടെ അത്ഭുതകരമായ കഥയാണിത്.സംഭവബഹുലമായ 84 അദ്ധ്യായങ്ങളുള്ള എന്റെ കഥ ചുരുക്കി പറയാം. ഞാനൊരു സൂക്ഷ്മ ജ്യോതിർബിന്ദുവാണ്. എന്റെ രചന ഭൗതീക വസ്തുക്കളാൽ അല്ലാത്തതു കൊണ്ട് ആർക്കും എന്നെ ഭൗതീക നേത്രങ്ങളാൽ കാണാൻ കഴിയില്ല. എല്ലാവരും എന്നെ ആത്മാവ് എന്നു വിളിക്കുന്നു. ഞാൻ ഈ ലോകവാസിയല്ല. അങ്ങു മുകളിൽ സൂര്യ-ചന്ദ്ര നക്ഷത്രങ്ങൾക്കുമപ്പുറത്ത് ആറാമത്തെ തത്ത്വമായ ബ്രഹ്മലോകം അഥവാ നിർവ്വാണധാമമാണ് എന്റെ തറവാട്. അവിടെ ആയിരുന്നപ്പോൾ ശാന്തിയുടെയും പവിത്രതയുടെയും പ്രകാശ തരംഗങ്ങൾ എന്നിൽ നിന്നും സദാ പ്രസരിച്ചിരുന്നു. എന്നിൽ അപാരമായ ഗുണങ്ങളും ശക്തികളും നിറഞ്ഞിരുന്നു. കൂടാതെ വിശ്വ നാടകത്തിൽ 84 വേദികളിൽ അഭിനയിക്കാനുള്ള അത്ഭുതകരമായ അഭിനയ ചാതുരിയും തിരക്കഥയും എന്നിൽ അനാദിയായി ആലേഖനം ചെയ്തിരുന്നു. അതനുസരിച്ച് അനേകായിരം വർഷങ്ങൾക്കു മുമ്പ് ഭൂമിയാകുന്ന നാടകവേദിയിലേക്ക് ഞാൻ പറന്നിറങ്ങി. പൂർണ്ണചന്ദ്രനു സമാനം തേജോമയമായ എനിക്ക് താരുണ്യവതിയായ ഭൂമി വിശ്വസൗന്ദര്യം ചാലിച്ചൊരുക്കിയ പഞ്ചഭൂത നിർമ്മിതമായ ശരീരം നൽകി. അങ്ങനെ പുരുഷനും (ആത്മാവ്) പ്രകൃതിയും തമ്മിലുള്ള ആദ്യ സമാഗമം നടന്നപ്പോൾ ഞാൻ ഒരു ദേവനോ ദേവിയോ ആയി. സ്വർണ്ണകൊട്ടാരങ്ങളും ദിവ്യാഭരണങ്ങളും 36 വിധത്തിലുള്ള ശ്രേഷ്ഠ ഭോജ്യങ്ങളും പുഷ്പക വിമാനങ്ങളുമുള്ള ഒരു സുന്ദരലോകം. സത്യയുഗവും ത്രേതായുഗവും സ്വപ്നത്തേക്കാൾ സുന്ദരമായ സ്വർഗ്ഗമായിരുന്നു. ആ സുന്ദരലോകത്ത് ഞാൻ അനേകപ്രാവശ്യം ശരീരം മാറി മാറി ധരിച്ചു. അങ്ങനെ സത്യത്രേതായുഗം കഴിഞ്ഞപ്പോൾ എന്നിലെ പ്രകാശം മന്ദീഭവിച്ചു. ക്രമേണ ആത്മാവാണെന്ന ബോധം നഷ്ടമാകുന്നതിനനുസരിച്ച് എന്നിലേക്ക് പഞ്ചവികാരങ്ങൾ പ്രവേശിച്ചു. ഞാൻ ഒരു ശരീരം ആണെന്ന ബോധത്തിൽ ഉറച്ചപ്പോൾ അജ്ഞാനം കാരണം മനോ ദുഃഖങ്ങളും രോഗങ്ങളും മറ്റു ദുരിതങ്ങളും നാൾക്കുനാൾ വർദ്ധിച്ചു. ആ കാലഘട്ടത്തിൽ ഋഷീശ്വരൻമാരും ധർമ്മസ്ഥാപകരും ജന്മമെടുത്തു. ധർമ്മത്തെ പിടിച്ചു നിർത്താൻ ശ്രമിച്ചു. ദേഹത്തിനു പല മതങ്ങളും ജാതിയും പരിവേശവും നൽകി, ഭക്തി നാനാ പ്രകാരത്തിലും ഞാൻ ചെയ്തു. പക്ഷേ ആത്മജ്ഞാനമെന്ന എന്റെ യാഥാർത്ഥ്യം നഷ്ടപ്പെട്ട എനിക്ക് ശാന്തിയും സമാധാനവും നഷ്ടപ്പെട്ടുകൊണ്ടിരുന്നു. ഓരോ ജൻമത്തിലും ബന്ധുക്കളേയും ദേഹത്തേയും മാറ്റികൊണ്ടിരുന്നു. കലികാലമെത്തിയപ്പോഴേക്കും ഞാൻ പൂർണ്ണമായും വികാരിയായ ഒരു യാന്ത്രിക ദാനവനായി മാറി. ദേഹത്തെ മോടിപിടിപ്പിക്കാനും ദേഹത്തിന്റെ പേരിനും പ്രശസ്തിക്കും ധനം സമ്പാദിക്കുന്നതിനും ഞാൻ മുഴുവൻ പ്രാധാന്യം നൽകി. ഭീരുക്കളുടെ അവസാന ആയുധമായ കോപം ചിലവാകുന്നവരിലൊക്കെ പ്രയോഗിച്ച് ഞാൻ കേമനായി, സ്വാർത്ഥനായി. കർമ്മസിദ്ധാന്തമനുസരിച്ച് അതിനൊക്കെ ഫലം അനുഭവിക്കാൻ വീണ്ടും വീണ്ടും മരിച്ചു ജനിച്ചു. ക്രമേണ എന്നിലെ പ്രകാശം പൊലിഞ്ഞ് അമാവാസിയിലെ ചന്ദ്രനു സമാനം ഗ്രഹണം പിടിച്ചു. ഹൃദയം നൊന്ത് മുകളിലേക്കു നോക്കി ഞാൻ പ്രാർത്ഥിച്ചു തമസോമ ജ്യോതിർഗമയഃ എന്നെ ജ്ഞാനപ്രകാശത്തിലേക്കു നയിക്കണമേ! എന്റെ പ്രാർത്ഥനകേട്ട് ഭഗവാന്റെ അവതരണമായി. കേൾക്കുന്നില്ലേ പ്രണവമന്ത്രം 'ആദിവചനം' ആത്മാവിന്റെ ഉണർത്തുപാട്ട്' ഓം... ഓം... ഓം ശാന്തി... ആരവല്ലി പർവ്വത ശിഖരത്തിൽ നിന്നും സർവ്വാത്മാക്കളുടെയും

പരമപിതാവായ പരമജ്യോതി സ്വരൂപനും കരുണാസാഗരനുമായ ശിവഭഗവാന്റെ ഉണർത്തുപാട്ട്. ഭഗവാൻ അരുളി ചെയ്യുന്നു– 'സർവ്വ ദുഃഖത്തിനും കാരണം ദേഹബോധം, താൻ സ്വയം ദേഹത്തിനെ നയിക്കുന്ന ആത്മാവാണെന്ന ബോധത്തിൽ നിരന്തരം മനസ്സിനെ എന്നിലേക്ക് അർപ്പിക്കാൻ അഭ്യസിക്കൂ. അതിലൂടെ ജന്മാന്തരങ്ങളിലെ പാപം ഭസ്മമായി ആത്മാവ് അതിന്റെ പൂർവ്വ സ്ഥിതിയിലേക്ക് മടങ്ങുമ്പോൾ, അത് വജ്രസമാനം പ്രകാശിക്കുമ്പോൾ ഞാൻ നിങ്ങളെ മടക്കി വീട്ടിലേക്ക് കൊണ്ടുപോകും. വീണ്ടും പഴയതുപോലെ ഈ വിശ്വനാടകം പുനരാവർത്തിക്കുന്നതാണ്.' കുടുംബജീവിതത്തിൽ നിന്നു കൊണ്ട് ഞാൻ ഈ സാധന ചെയ്യുമ്പോൾ ജ്ഞാനത്തിന്റെ മൂന്നാം നേത്രത്തിലൂടെ എനിക്ക് എന്നെ സപ്തവർണ്ണ ശോഭയിൽ ദർശിക്കാനും എന്നിൽ സപ്തസ്വര ആത്മ സംഗീതം കേൾക്കാനും കഴിയുന്നു. പരമാത്മാവിന്റെ മധുര സമാഗമം സദാ അനുഭവിക്കാൻ കഴിയുന്നു. മനസ്സ് ശാന്തമായി സർവ്വ ചോദ്യങ്ങളും സമാപ്തമായി, സദാ അതീന്ദ്രിയസുഖം അനുഭവിക്കുവാനാകുന്നു. സ്വയത്തെപ്പറ്റിയും മറ്റുള്ളവരെപ്പറ്റിയും ശുഭചിന്ത പുലർത്താനും കഴിയുന്നു. ഇതാണ് എന്റെ കഥ. ഇതുതന്നെയാണ് താങ്കളുടെയും കഥ.



## ഞാൻ ഈശ്വരനോട് സംസാരിക്കുകയായിരുന്നു!

രണ്ട് പേർ ഒരു കാറിൽ പോയ്ക്കൊണ്ടിരിക്കവെ ഒരു ചുവപ്പ് സിഗ്നൽ ലൈറ്റിൽ അവർക്ക് നിൽക്കേണ്ടി വന്നു. വണ്ടി ഓടിച്ചു കൊണ്ടിരുന്നയാൾ ഒന്നും മിണ്ടിയില്ല.

മറ്റെയാൾ പറഞ്ഞു,"ഈ ചുവപ്പ് ലൈറ്റിൽ നാം എത്ര സമയം പാഴാക്കുന്നു– എന്തിന്, മനുഷ്യന് ഒരു പുസ്തകമെഴുതാം!"

ഡ്രൈവർ എന്നിട്ടും ഒന്നും പറഞ്ഞില്ല.

ഒടുവിൽ അടുത്തിരുന്നയാൾ ചോദിച്ചു,"ഞാൻ പറഞ്ഞത് നിങ്ങൾ കേട്ടില്ലേ?"

"ഇല്ല"

"എന്തുകൊണ്ട് കേട്ടില്ല?"

"ഞാൻ സംസാരിക്കുകയായിരുന്നു."

"ആരോട്?"

"ഞാൻ ഈശ്വരനോട് സംസാരിക്കുകയായിരുന്നു,"

"ഓരോ ചുവപ്പ് ലൈററിൽ എത്തുമ്പോഴും എന്റെ ഏതെങ്കിലും ഒരു സുഹൃത്തിനുവേണ്ടി പ്രാർത്ഥിക്കുന്നത് എന്റെ ഒരു ശീലമാണ്. എനിക്കിന്നു വരെ എത്ര പേർക്ക് വേണ്ടി പ്രാർത്ഥിക്കുവാൻ ആയി എന്നത് അത്ഭുതകരമായിരിക്കുന്നു, ഇനിയും ഈ വഴിയിൽ എത്രയോ പേർക്ക് വേണ്ടി പ്രാർത്ഥിക്കുവാനുള്ള അവസരം എനിക്ക് ലഭിക്കും."

**Brahma Kumaris® "Peace of Mind" Global Channel - Info-Edutainment News Channel. No Advertisement..**

PEACE OF MIND CHANNEL

**"Peace of Mind" Channel**
**FRQ: 4054, POL: H, SYM: 13230, INSAT: 4A**
**Request Cable Operators today**
**"C" Band with Mpeg4 Receiver can see FREE LIVE**
**http://pmtv.in, pmtv@bkmail.org**
**SMS to 56161 bktv (Your MSG), +91 9960588432, 8104777111**



# യജ്ഞവും സംസാര വിമോചനവും

ബി.കെ. അനിൽ, തിരുവനന്തപുരം

ജനിമൃതികൾക്ക് വശവർത്തിയായി ഉഴലുന്ന അവസ്ഥയാണ് "സംസാരം". ഈ ഭവസാഗരത്തിലെ ജീവിതയാത്ര ശ്രേഷ്ഠവും, ശുഭവും, ഐശ്വര്യവുമുള്ള താക്കുന്നതിന് പഴയ കാലം മുതൽ അനുഷ്ഠിച്ചു വന്നതും, വരുന്നതുമായ ചില യജ്ഞങ്ങളുണ്ട്. അവ പഞ്ചമഹായജ്ഞങ്ങൾ എന്ന് അറിയപ്പെടുന്നു. ദേവ യജ്ഞം, പിതൃയജ്ഞം, നൃയജ്ഞം, ഭൂതയജ്ഞം, ജ്ഞാനയജ്ഞം എന്നിവയാണവ. ഓരോ മനുഷ്യനും ഇത് നിർവ്വഹിക്കണം എന്ന് പൂർവ്വികർ അനുശാസി ക്കുകയും ചെയ്തിരുന്നു.

## ദേവയജ്ഞം

ദേവതകളുടെ പ്രീതിക്കായി ചെയ്യുന്ന പൂജകളും ഹോമങ്ങളുമൊക്കെ ഈ വിഭാഗത്തിൽ പെടുന്നവ യാണ്. സാധാരണയായി ഭക്തർ ചെയ്തു വരുന്ന നാമജപവും ഇതിൽപെടുന്നു. അജാമിളൻ, കാലപാ ശത്തിൽ നിന്നും രക്ഷപ്പെട്ട്, പരമഗതി നേടിയതായി പറയുന്നത് നാമജപത്തിന്റെ മഹത്വത്തെക്കുറിക്കുന്ന കഥയാണ്. രത്നാകരൻ എന്ന കാട്ടാളൻ, വാത്മീകി മഹർഷിയായ കഥയും നാമജപവുമായി ബന്ധ പ്പെടുത്തി പറയുന്നു. കലിയുഗത്തിലും മുക്തിനേ ടുവാൻ നാമജപത്തിലൂടെ സാധിക്കുമെന്ന് വിശ്വസിച്ചു പോരുന്നു.

## പിതൃയജ്ഞം

ദേഹം വെടിഞ്ഞ ആത്മാക്കളെ പിതൃ ആയിട്ടാണ് സങ്കല്പം. ആ പിതൃക്കളുടെ പ്രീതിയ്ക്കുവേണ്ടി ചെയ്യുന്ന താണ് പിതൃയജ്ഞം. ദേഹം വെടിഞ്ഞവരുടെ ആത്മശാന്തിയ്ക്കായും, പ്രീതിയ്ക്കായുമാണ് ബലി കർമ്മങ്ങളും, ശ്രാദ്ധവുമെല്ലാം നടത്തുന്നത്. ഇവയെ പിതൃയജ്ഞമായി കണക്കാക്കുന്നു. ഭൂമിയിൽ കാക്കയ്ക്ക് പിതൃസ്ഥാനം യമധർമ്മൻ വിധിച്ചതായി പുരാണ ത്തിൽ പറയുന്നതിന്റെ അടിസ്ഥാനത്തിലാണ് കാക്കയ്ക്ക് ഭോജനം വച്ചുകൊടുക്കുന്ന സമ്പ്രദായം നിലവിൽ വന്നത്.

## നൃയജ്ഞം

അതിഥി സത്കാരം, അന്നദാനം, തുടങ്ങിയവയെ യാണ് നൃയജ്ഞം എന്ന് പറയുന്നത്. വിശക്കുന്ന വർക്ക് ഭക്ഷണം കൊടുക്കുകയും, മറ്റുള്ളവർക്ക് കൊടുത്തിട്ട് ഭക്ഷിക്കുന്ന രീതിയുമെല്ലാം പണ്ടുമുതലേ ഭാരതത്തിൽ ഉണ്ടായിരുന്നതാണ്. വിശേഷ ദിവസ ങ്ങളിൽ സദ്യ കൊടുക്കുന്നതും നൃയജ്ഞമാണ്.

## ഭൂതയജ്ഞം

പക്ഷി–മൃഗാദികളെയും, വൃക്ഷലതാദികളെയും പരിപാലിക്കുന്നതാണ് ഭൂതയജ്ഞം.

## ജ്ഞാനയജ്ഞം

ജ്ഞാനം, അല്ലെങ്കിൽ അറിവ് മൂന്ന് പ്രകാരത്തി ലുണ്ട്. 1. ലൗകിക ജ്ഞാനം. 2. വൈദികജ്ഞാനം അഥവാ വേദാർത്ഥജ്ഞാനം. 3. ആദ്ധ്യാത്മിക ജ്ഞാനം. ജ്ഞാനയജ്ഞം നിർവ്വഹിക്കുന്നത് മൂന്ന് വിധത്തിലാണ്. ശ്രവണം, മനനം, ധ്യാനം. ആദ്ധ്യാത്മിക വിദ്യയെ ശ്രവിക്കുക എന്നതാണ് ആദ്യത്തേത്. പിന്നെ ശ്രവിച്ച കാര്യങ്ങൾ മനനം ചെയ്യണം. വിചിന്തനം നടത്തണം. ബുദ്ധിപൂർവ്വം മനനം ചെയ്ത് അത് ബുദ്ധിയിലുറപ്പിക്കണം. മനനം ചെയ്ത കാര്യത്തെ സാക്ഷാത്കരിക്കുന്നതിനാണ് ധ്യാനം. ഏകാഗ്രഭാവനയോടെ ആ ജ്ഞാനവുമായി തന്മയീ ഭാവം നേടുന്നതാണ് ധ്യാനം.

ജ്ഞാനയജ്ഞം സർവ്വശ്രേഷ്ഠവും മഹത്വപൂർണ്ണ വുമായ യജ്ഞമാണ്. കാരണം, സംസാരത്തിൽ നിന്നും മോചിപ്പിക്കാൻ കഴിയുന്ന യജ്ഞം ഇതു തന്നെ. ഇതിന്റെയർത്ഥം, അതിഥികളെ സത്ക്കരിക്കേണ്ട തില്ലെന്നും, ജീവജാലങ്ങളെ സ്നേഹിക്കേണ്ടതില്ലെന്നും, ആർക്കും അന്നംകൊടുക്കേണ്ടതില്ലെന്നുമല്ല. യഥാർത്ഥ ജ്ഞാനി ഈശ്വരസ്നേഹിയും വിശ്വസ്നേഹിയു മായിരിക്കും. അങ്ങനെയുള്ളവരിലൂടെ ഇതെല്ലാം സ്വാഭാവികമായും, നിസ്സ്വാർത്ഥമായും നടക്കുന്നു. സംസാര വിമോചനം ആഗ്രഹിക്കുമ്പോൾ, ബന്ധനം എന്താണെന്നും, എങ്ങനെയുണ്ടായി എന്നും അറി യണം. ആ ബന്ധനങ്ങളെ ഛേദിക്കുവാനുള്ള യുക്തി യും ശക്തിയും പ്രാപ്തമാക്കണം. ഇത് ആദ്ധ്യാത്മിക ജ്ഞാനയജ്ഞത്തിലൂടെ സാധ്യമാകുന്നു.

# ശാശ്വത മൂല്യങ്ങൾ വർദ്ധിപ്പിക്കൽ- സാമൂഹിക അപചയങ്ങൾക്ക് ശാശ്വത പരിഹാരം.

ബി.കെ.മാമ്പള്ളി.ജി.ആർ, ചാത്തന്നൂർ

സ്ത്രീയും പുരുഷനും ഈശ്വരന്റെ സുന്ദര സൃഷ്ടികളാണ്. പരസ്പര പൂരകമാകേണ്ടുന്ന, പരസ്പരം ആകർഷകമാകേണ്ടുന്ന സൃഷ്ടികൾ. ആത്മാവും പരമാത്മാവും പോലെ യോജിക്കേണ്ടവർ. വിഘടിക്കേണ്ടവരല്ല. വ്യത്യസ്ത ധ്രുവങ്ങൾ പോലെ ആകർഷിക്കേണ്ടവർ. ആകർഷണവലയം ഉള്ളവർ. അക്രമാസക്തരാകേണ്ടവരല്ല. മനസ്സാ, വാചാ, കർമ്മണാ സ്നേഹിക്കേണ്ടവർ. വെറുക്കേണ്ടവരല്ല. നിന്ദിക്കേണ്ടവരല്ല. കലഹിക്കേണ്ടവരല്ല. അതാണ് പ്രകൃതിനിയമം. ആ സത്യം ബോധ്യമാകാത്തതാണ്, അതനുസരിച്ച് ജീവിക്കാത്തതാണ് ഇന്നു നമ്മൾ കാണുന്ന അനീതിക്കും, അക്രമത്തിനും ബലാത്സംഗത്തിനുമൊക്കെ കാരണം എന്ന് തോന്നുന്നു.

അസംതൃപ്തമായ ജീവിതവും ശരിയായ രീതിയിലെ ശിക്ഷണമില്ലായ്മയും അപക്വവും അസന്മാർഗീകവുമായ ജീവിതരീതിയും സ്ത്രീകളും പുരുഷന്മാരും പരസ്പരവും സ്വയവും ധരിച്ചുവെച്ചിരിക്കുന്ന തെറ്റായ ധാരണകളുമാണ് ഇന്ന് നമ്മൾ അനിഭവിക്കുന്ന വഴിവിട്ട ജീവിതത്തിലേക്കും ബലാത്സംഗങ്ങളിലേക്കും തിരിച്ചുവിടുന്നത്. ശരിയായ, സത്യമായ അറിവ് ഇല്ലായ്മ ഇതിന്റെ മുഖ്യകാരണമാണ്. ശരിയായ ബോധവത്കരണം, ശാശ്വത മൂല്യങ്ങളെക്കുറിച്ചുള്ള അവബോധം ഇവയൊക്കെ ഇതിനു പരിഹാരവുമാണ്.

ആഡംബരഭ്രമവും, കച്ചവട സിനിമകളൊടും കൃത്രിമ സുഖങ്ങളൊടുമുള്ള അമിതമായ ആവേശവും തെറ്റുകളിൽ നിന്ന് തെറ്റുകളിലേക്കുള്ള പ്രയാണവും ഇതിനെല്ലാം വളംവെക്കുന്നു. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സാമൂഹ്യപ്രതിബദ്ധതയും ഇതിനുകാരണമാകുന്നു. ഇത്തരം ദുഷ്പ്രവണതകളെ വേരോടെ ഇല്ലായ്മ ചെയ്യുന്നതിന് ബാല്യാവസ്ഥ മുതലേ മാനവർ ശരിയായ ശിക്ഷണം, ബോധവത്കരണം, ശരിയായ നിയന്ത്രണത്തിലൂടെയുള്ള ജീവിതം, സന്മാർഗ്ഗീക ചിന്താഗതിയിലൂടെയുള്ള നിരന്തര സഞ്ചാരം, സഹജീവികളോടുള്ള സ്നേഹം, സഹവർത്തിത്വം സഹിഷ്ണുത എന്നിവ ശീലിക്കേണ്ടിയിരിക്കുന്നു. സഭ്യമായ, സത്യമായ ആകർഷണം, സ്നേഹം മിത്രത ഇവയാണ് സ്ത്രീയും പുരുഷനും, യുവാവും യുവതിയും, ബാലനും ബാലികയും തമ്മിൽ ഉണ്ടാകേണ്ടത്. അല്ലാതെ അക്രമോ, വിരോധമോ, വിദ്വേഷമോ, വെറുപ്പോ അല്ല. പരസ്പര അധികാര ഭ്രമമല്ല, അഭിനിവേശമല്ല ശാശ്വതവും പവിത്രവുമായ സ്നേഹം, ആത്മബന്ധം അതാണ് വേണ്ടത്. ശാശ്വതമായതും അതാണ്. സത്യവും ശാശ്വതമായതും ആത്മാവാണ്. അതിനാൽ ആത്മജ്ഞാനം ചെറു പ്രായത്തിലെ സ്വായത്തമാക്കേണ്ടതാണ്. ഇന്നു പലതും ഒഴിവാക്കുന്നതും അതിനാൽ തന്നെ, ഇല്ലാതെപോകുന്നതും അതുതന്നെയാണ്. പണ്ടൊക്കെ ആ ബോധം ഉണ്ടായിരുന്നു. ആത്മാവിന്റെ തനത് ഗുണങ്ങളും, ശക്തികളും, മഹത്വങ്ങളും മനസിലാക്കിയിരുന്നു. അതനുസരിച്ച് ജീവിച്ചിരുന്നു. അതിനാൽ അക്രമവാസന കുറഞ്ഞിരുന്നു. ആണിന് പെണ്ണിനെയോ പെണ്ണിന് ആണിനെയോ ഭയമില്ലായിരുന്നു. പരസ്പരം സ്നേഹവും ആദരവുമുണ്ടായിരുന്നു. അക്രമത്തിലേക്കും അരാജകത്വത്തിലേക്കും വഴിവയ്ക്കുന്നത് ആകർഷണമല്ല വികർഷണവും വിദ്വേഷവുമാണ്. അതിനാൽ ആത്മാവിന്റെ ശാശ്വത മൂല്യങ്ങൾ വളർത്താനും പഠിക്കാനും പഠിപ്പിക്കാനും വേണം ആദർശ അദ്ധ്യാപകരും, നേതാക്കളും, മാധ്യമങ്ങളും, സാംസ്ക്കാരിക നായകന്മാരും മുതിരാൻ. ചിന്തകരും എഴുത്തുകാരും, ശാസ്ത്രജ്ഞരും ഒരുക്കേണ്ടത് അത്തരം വേദികളാണ്. മൂല്യങ്ങളിൽ നിന്നും അകന്നുപോയത് ഇന്നത്തെ ദുരവസ്ഥയ്ക്ക് മുഖ്യമായ കാരണമാണ്. അതിനാൽ മാനുഷിക മൂല്യങ്ങളിലേക്ക് തിരിച്ചുവരേണ്ടത് ഇന്നൊരു പരിഹാര മാർഗ്ഗവുമാണ്. ജാതികൾക്കതീതമായ, രാഷ്ട്രീയത്തിനതീതമായ, മതങ്ങൾക്കതീതമായ മാർഗ്ഗം അപ്പോൾ തുറന്നുവരും. പുത്തൻ തലമുറ, പുതിയ സമൂഹം പുതിയലോകം നമുക്കായി കാത്തുനിൽക്കും. അതിനുവേണ്ടിയുള്ളതാകണം നമ്മുടെ ലക്ഷ്യം.

ചുരുക്കത്തിൽ സമൂഹത്തിലെ എല്ലാ ശ്രേണിയിലുള്ളവരും മൂല്യങ്ങളെ സാത്വികതയെ, സന്മാർഗ്ഗത്തെ, നൈതികതയെ, ഗുണങ്ങളെ, പരിപോഷിപ്പിക്കാൻ രംഗത്തു വരണം. എങ്കിൽ മാത്രമേ സാംസ്ക്കാരിക ഉന്നതി നേടാൻ കഴിയൂ. മനസാ, വാചാ, കർമ്മണാ മാനുഷിക മൂല്യങ്ങൾക്കുവേണ്ടി നിരന്തര പ്രയത്നം നടത്തണം. സമൂഹത്തിന്റെയും ലോകത്തിന്റെയും ഗതി മാറ്റാൻ അതിനു കഴിയും. ആ മഹത്തായ മാറ്റത്തിലേക്കുള്ള വഴി തിരിച്ചുവിടാനുള്ള അവസരമാണ് ഇപ്പോൾ കൈവന്നിരിക്കുന്നത്. മാറ്റം അനിവാര്യമാണ്. അതിനുള്ള അവസരം വന്നുചേരുന്ന ദുരന്തങ്ങളിലൂടെ ഈശ്വരൻ കാണിച്ചുതന്നിരിക്കുന്നു. ഭാവിലോകം മുന്നിൽ കണ്ടുകൊണ്ട് ശാശ്വതവും ശരിയുമായുള്ള മാർഗ്ഗം നമ്മൾ സ്വീകരിച്ചേമതിയാകൂ. പ്രതിക്ഷേധവും

ശേഷം 19–ാം പേജിൽ



# ബന്ധങ്ങൾ നിലനിർത്തുവാൻ

ബി.കെ. അമ്പിളി, മൗണ്ട് ആബു

രണ്ട് കൊച്ച് കുട്ടികൾ ഒരുമിച്ച് കളിക്കുകയായിരുന്നു. ഒരാളിന്റെ കൈയ്യിൽ നല്ല കുറച്ച് മാർബിൾ കല്ലുകളുടെ ശേഖരം ഉണ്ടായിരുന്നു. മറ്റെയാളുടെയടുത്ത് കുറെ മധുരമുള്ള മിഠായികൾ ഉണ്ടായിരുന്നു. ആദ്യത്തെ കുട്ടി അടുത്ത കുട്ടിയോട് മിഠായി കൊടുക്കാമെങ്കിൽ തന്റെ മാർബിൾ കഷ്ണങ്ങളെല്ലാം പകരമായി നൽകാം എന്ന് പറഞ്ഞു. അവൻ അത് സമ്മതിച്ചു. അതിൽ ഏറ്റവും സുന്ദരമായ ഒരു വലിയ മാർബിൾ തുണ്ട് തനിക്കായി മാറ്റി വച്ചിട്ട് ബാക്കിയെല്ലാം കൂട്ടുകാരന് നൽകി. അവനാകട്ടെ വാക്ക് പറഞ്ഞതു പോലെ തന്റെ കൈയ്യിലുള്ള മുഴുവൻ മിഠായികളും കൊടുത്തു.

മിഠായി നൽകിയ കുട്ടി രാത്രിയിൽ സുഖമായി ഉറങ്ങി. എന്നാൽ മാർബിൾ കൊടുത്ത കുട്ടി രാത്രി മുഴുവൻ മറ്റയാൾ താൻ മാർബിൾ കഷ്ണം മാറ്റി വച്ചതു പോലെ കൂട്ടുകാരൻ ഏതെങ്കിലും നല്ല മിഠായി തനിക്കു നൽകാതെ മാറ്റിവച്ചിരിക്കുമോ എന്ന് ചിന്തുച്ചുകൊണ്ടിരുന്നു.

ഗുണപാഠം– പരസ്പര ബന്ധങ്ങളിൽ നിങ്ങൾ നിങ്ങളുടെ നൂറ് ശതമാനവും നൽകുന്നില്ല എങ്കിൽ മറ്റെ വ്യക്തിയും നൂറ് ശതമാനവും നൽകുന്നുണ്ടോ എന്ന് സംശയിച്ചുകൊണ്ടിരിക്കും. ഇത് എല്ലാ ബന്ധങ്ങളിലും ആവശ്യമാണ്, ജോലിയിലും എല്ലായിടത്തും.., നിങ്ങൾ ചെയ്യുന്ന ഓരോ കാര്യത്തിലും നിങ്ങളുടെ നൂറ് ശതമാനം പ്രയത്നവും വിനിയോഗിക്കൂ, സുഖമായി സ്വസ്ഥമായി ഉറങ്ങൂ.

18–ാം പേജ്തുടർച്ച...

പ്രക്ഷോഭവുമെല്ലാം അതിലേക്കുള്ള വഴിതുറക്കലാവണം. സുശക്തരും സുദൃഢരുമായി നമ്മൾ മാറണം. എന്നിട്ട്വേണം ആ വഴിയിലൂടെ നമ്മൾ സഞ്ചരിക്കാൻ.

സത്യമായ തത്വങ്ങൾ ഗ്രഹിക്കണം തത്വങ്ങളുടെ അന്തസത്ത മനസ്സിലാക്കണം. മോറൽ വാല്യുസും, എത്തിക്കൽ വാല്യുസും, സ്പിരിചൽ വാല്യുസുമുള്ളവരായി നമ്മൾ മാറണം. എളിയകാര്യങ്ങൾക്കും അതിന്റേതായ പ്രസക്തിയുണ്ട്. എല്ലാ കാര്യത്തിനും അതിന്റേതായ പ്രതിപ്രവർത്തനവുമുണ്ട്.

സംഗദോഷം പ്രബലരെപ്പോലും വഴിതെറ്റിക്കും. സ്വാർത്ഥ ലാഭത്തിനോ, രാഷ്ട്രീയ നേട്ടത്തിനോ, ധനലാഭത്തിനോ, പേരിനോ പ്രശസ്തിക്കോ വേണ്ടി വളഞ്ഞവഴികളോ തെറ്റായ മാർഗ്ഗങ്ങളോ നാം സ്വീകരിക്കാതിരിക്കണം. മനനവും ധ്യാനവും മനസ്സിന്റെ ഏകാഗ്രത വർദ്ധിപ്പിക്കും. ആത്മീയ പഠനവും ധ്യാനവും ശാശ്വതമായ പരിഹാരം തന്നെയാണ്. അത് അനീതിയെയും അക്രമത്തെയും എല്ലാം ഇല്ലായ്മ ചെയ്യും. പരസ്പര സ്നേഹവും വിശ്വാസവും വർദ്ധിപ്പിക്കും. അതല്ലേ ഇന്ന് വേണ്ടത്?



# ഈശ്വരീയ സേവനം കേരളത്തിൽ



തിരുവനന്തപുരം :ബ്രഹ്മാകുമാരീസിന്റെ തിരുവനന്തപുരം ജില്ലാ ആസ്ഥാനമായ ശിവചിന്തൻ ഭവനിൽ വെച്ചു നടന്ന സ്നേഹസംഗമത്തിൽ സംസാരിക്കുകയായിരുന്ന ശ്രീ കാവാലം നാരായണ പണിക്കർ.

നീലപത്മനാഭൻ, പ്രസിദ്ധ സാഹിത്യകാരൻ വി. കൃഷ്ണൻ, പ്രസിദ്ധ ശാസ്ത്രജ്ഞൻ ഗോപി മണി, കാർഷിക ശാസ്ത്രജ്ഞൻ ഏഴാചേരി രാമചന്ദ്രൻ, പ്രശസ്ത കവി നോവലിസ്റ്റ് പാർവ്വതിദേവി, പ്രശസ്ത സാമൂഹിക പ്രവർത്തക മഞ്ജു വെള്ളായണി, കേരള കൗമുദി ഫ്ളാഷ് എഡിററർ കാരയ്ക്കമണ്ഡപം വിജയകുമാർ, പ്രശസ്ത ചിത്ര കലാകാരൻ ഡോ.മധു ഓമല്ലൂർ, കാർട്ടൂണിസ്റ്റ് എന്നിവർ പങ്കെടുത്തു. തിരുവനന്തപുരം ബ്രഹ്മാകുമാരീസിന്റെ കോഓർഡിനേററർ ബ്രഹ്മാകുമാരി മിനി സ്വാഗതവും, രവീന്ദ്രൻ പുത്തൂർ നന്ദിയും പറഞ്ഞു.




കൊല്ലത്തെത്തിയ പ്രശസ്ത സിനിമ താരം പത്മശ്രീ സുരേഷ്ഗോപിക്കും, ബോളീവുഡ് താരം വിദ്യാബാലനും കൊല്ലം രാജയോഗ സെന്ററിലെ ബ്രഹ്മാകുമാരി രഞ്ജിനി, ഗീതു എന്നിവർ ഈശ്വരീയ ഉപകാരം സമ്മാനിച്ചപ്പോൾ.



ലോക പുകയില വിരുദ്ധ ദിനത്തോടനുബന്ധിച്ച് കൊച്ചി വൈററില ബസ് ടെർമിനലിൽ നടന്ന ബോധവൽക്കരണ പരിപാടി ശ്രീ രാമകൃഷ്ണ മഠാധിപതി ഉദ്ഘാടനം നിർവ്വഹിച്ചു

**മലയാളത്തിലെ ആദ്യ ആദ്ധ്യാത്മിക ഇ-മാഗസിനായ ഹവിസ്സ് തനതായ കലാസൃഷ്ടികൾ ക്ഷണിക്കുന്നു**

ഒരു പേജിൽ കൂടാത്ത ലേഖനങ്ങൾ, കവിതകൾ, കഥകൾ... എന്നിവ മലയാളത്തിൽ ടൈപ്പ് ചെയ്ത് havissmonthly@gmail.com എന്ന വിലാസത്തിൽ അയക്കുക.



പരമപിതാ ശിവപരമാത്മാവ്